
# ബൈബിൾ ദൂത്



# അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിററർ

കത്തുകളയച്ചു ഞങ്ങളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ മാന്യ വായനക്കാർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. എല്ലാ കത്തുകളും പ്രസിദ്ധീകരിക്കുവാൻ പ്രയാസമായതിനാൽ പരിമിതമായി മാത്രം പ്രസിദ്ധീകരിക്കുന്നു.

എഡിററർ

# ബൈബിൾ ട്രൂത്ത്


Editors :

P. K. VARGHESE *** J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 1 August 1987 No. 5




സുവിശേഷ പ്രചരണം ഒരാദായ സൂത്രമായി കരുതുന്ന എത്രയോ പേർ നമ്മുടെ സമൂഹത്തിലുണ്ട്. യേശുക്രിസ്തുവിന്റെ നാമത്തിൽ ഇറങ്ങിത്തിരിച്ച്, അത്ഭുത സിദ്ധികൾ അവകാശപ്പെട്ടുകൊണ്ടും വഞ്ചനയും ദുർമ്മാർഗ്ഗവും കൈമുതലാക്കിയവർ പിടിക്കപ്പെടുന്നുമുണ്ട്. വേറെ ചിലർ ബൈബിൾ കക്ഷത്തിൽ വെച്ചുകൊണ്ട് വീടുകൾ തോറും കയറി ഇറങ്ങി പ്രാർത്ഥിച്ച് പണപ്പിരിവു് നടത്താറുണ്ട്. ഉപജീവനം തെററാണെന്നോ, സുവിശേഷ പ്രചാരകന് ആഹാരം ആവശ്യമില്ലെന്നോ ഇതിനർത്ഥമില്ല. എന്നാൽ ഇവർ പല കുടുംബങ്ങളേയും തെററിദ്ധരിപ്പിച്ച് ചൂഷണം ചെയ്യുകയാണ്. ഇത്തരക്കാരെ ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. സത്യ സന്ധരായ ഉപദേഷ്ടാക്കന്മാരുടെ ആത്മാർത്ഥത വെളിപ്പെടുന്നത് അവരുടെ ജീവിതചര്യകളിൽ നിന്നാണ്, ഇവരെ തിരുവചനപ്രകാരം തിരിച്ചറിയുവാൻ അവരുടെ സംസാരം വചനാനുസരണമോ അല്ലയോ എന്നു പരിശോധിക്കുന്നത് സഹായകരമാകും.

എഡിററർ

# " വിശ്വസ്തത എന്നാൽ "

**ജെ: സി: ചോട്ട്**

ക്രിസ്തീയ ജീവിതത്തെപ്പററി നാം ചിന്തിക്കുമ്പോൾ പലപ്പോഴും ഓർമ്മിക്കാറുള്ള ഒന്നാണ് വിശ്വസ്തത. എന്താണ് വിശ്വസ്തത? അതിൽ എന്ത് അടങ്ങിയിരിക്കുന്നു ? ശരിക്കും മനസ്സിലാക്കിയിട്ടുണ്ടോ ? നാം അത് ജീവിതത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ ?

നമ്മുടെ ഭൗതിക ജീവിതത്തിലെ പല തരത്തിലുള്ള ഉത്തരവാദിത്വങ്ങളുമായി താരതമ്യപ്പെടുത്തി ചിന്തിക്കുമ്പോൾ ഈ വാക്കിനെക്കുറിച്ച് നമുക്ക് കൂടുതൽ ശരിയായി മനസ്സിലാക്കുവാൻ സാധിക്കും. ഉദാഹരണമായി....ഒരു വ്യക്തിയെ വിശ്വസ്തനായ തൊഴിലാളി എന്നു നാം പറയുമ്പോൾ....ആ വ്യക്തിയും തന്റെ ജോലിയും തമ്മിലുള്ള ശരിയായ ബന്ധം, ആ വ്യക്തിയെ വിശ്വസിക്കുവാൻ കൊള്ളാവുന്നവനും, കാര്യങ്ങൾ ഏല്പിക്കുവാൻ പററിയവനും ആണ് എന്നു നാം അർത്ഥമാക്കുന്നു.

ഈ വ്യക്തി അവിശ്വസ്തനാണ് എന്ന് അഭിപ്രായപ്പെടുന്നു എങ്കിൽ അതിന്റെ അർത്ഥം ആ വ്യക്തിയെ ഒരു കാര്യത്തിലും നമുക്ക് ആശ്രയിക്കുവാൻ കഴിയുകയില്ല എന്നാണ്.

വിശ്വസ്തരായ ഭാര്യയെയും ഭർത്താവിനെയും പററി നാം സംസാരിക്കാറുണ്ട്. അവർ പരസ്പരം കബളിപ്പിക്കാതെ സത്യസന്ധതയോടെ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നാണ് നാം അർത്ഥമാക്കുന്നത്.

തന്റെ പഠിത്തത്തിൽ വിശ്വസ്തനായ വിദ്യാർത്ഥി, തന്റെ കടം കൊടുത്തുതീർക്കുന്നതിൽ വിശ്വസ്തനായ മനുഷ്യൻ തുടങ്ങി വിശ്വസ്തതയുടെ പല മുഖങ്ങളുമായി നാം പരിചയമുള്ളവരാണ്.

ഓട്ടപ്പന്തയത്തിൽ അവസാനം വരെയും പോരാടുന്നവനാണ് വിജയ കിരീടം പ്രാപിക്കുന്നത്....ഈ തത്വം മററ് പല കാര്യങ്ങളിലും സത്യമാണ്....ഈ സന്ദർഭത്തിലും....വിശ്വസ്തതയുടെ പലവശങ്ങളും നാംകണ്ടു....എന്നാൽ ആത്മീയ ജീവിതത്തിൽ ഈ വിശ്വസ്തത എപ്രകാരം സ്വാധീനം ചെലുത്തുന്നു. ?

ക്രിസ്ത്യാനി ആയി തീരുക എന്നത് വളരെ ഉത്തരവാദിത്വമുള്ള ഒരു പദവിയാണ് എന്ന് ഞാൻ ഓർമ്മിപ്പിക്കട്ടെ. ക്രിസ്ത്യാനിയായി ഒരിക്കൽ തീർന്നു എന്നത് ഒന്നിന്റേയും അവസാനമല്ല....മരണത്തോളം ക്രിസ്ത്യാനിയായി ജീവിക്കുന്ന ക്രിസ്ത്യാനിയാണ് യഥാ

ർത്ഥത്തിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുവാൻ യോഗ്യനായി തീരുന്നത്....ഈ പശ്ചാത്തലത്തിലാണ് ' വിശ്വസ്തത ' ആവശ്യമായി വരുന്നത്.

ആദ്യമായി.... ദൈവം എല്ലായ്പ്പോഴും വിശ്വസ്തൻ എന്ന് നാം മനസ്സിലാക്കണം. അപ്പോസ്തലനായ പൗലോസ് പറഞ്ഞു– '' നാം അവിശ്വസ്തരായിതീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലോ '' (2 തിമോഥെ 2:13). നാം എന്തെല്ലാം തെററുകൾ ചെയ്തിരുന്നാലും, മോശമായി പെരുമാറിയിരുന്നാലും ദൈവം തന്റെ വിശ്വസ്തതയ്ക്ക് മാററം വരുത്തുന്നില്ല.

ദൈവത്തെക്കുറിച്ചുള്ള ഈ ആശ്വാസവും, ദൃഢ നിശ്ചയതയും, ഉറപ്പുമാണ് നമുക്ക് അവനിൽ വിശ്വസിക്കുന്നതിന് പ്രചോദനം നല്കുന്നത്.

ദൈവം ഒരിക്കലും പരാജയപ്പെടുകയില്ല. തന്റെ വാക്കിൽ നിന്നും ഒരിക്കലും തെററിപ്പോയിട്ടില്ല. എബ്രായ ലേഖകൻ എഴുതി– '' പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. '' (എബ്രായർ 10:23)....പത്രോസ് ദൈവത്തെ വിശ്വസ്തനായ സൃഷ്ടാവെന്ന് വിശേഷിപ്പിച്ചിരിക്കുന്നു. 1 പത്രോസ് 4:19.

രണ്ടാമതായി, ക്രിസ്തു വിശ്വസ്തനാണ്, ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്ക്, മനുഷ്യരുടെ ഇടയിലേക്ക് വരുകയും നമ്മെ രക്ഷിപ്പാൻ മരിക്കുകയും ചെയ്തു. അവൻ നമ്മെ സ്നേഹിക്കുകയും നാമെല്ലാവരും രക്ഷപ്രാപിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ' കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല ' എന്ന് പത്രോസ് പറയുന്നു. 2പത്രോസ് 3:9 ക്രിസ്തു പറഞ്ഞു '' ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് '' (മത്തായി 28:20). പരീക്ഷണ വേളകളിൽ നാം അവയെ വിജയിക്കുന്നതിനായി നമ്മെ അവൻ സഹായിക്കുന്നു.

'' ആകയാൽ ദൈവ പുത്രനായ യേശു ആകാശത്തു കൂടി കടന്നു പോയോരു ശ്രേഷ്ട മഹാപുരോഹിതനായി നമുക്ക് ഉള്ളതു കൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ച് കൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു. അതു കൊണ്ട് കരുണ ലഭിപ്പാനും തക്കസമയത്തു സഹായത്തിനുള്ള കൃപ

പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക '' ( എബ്രായർ 4:14–16 ). എന്ന് ലേഖകൻ പ്രസ്താവിക്കുന്നു.

യോഹന്നാൻ ഇപ്രകാരം പറയുന്നു—'' നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു '' 1 യോഹന്നാൻ 1:9 ഇങ്ങനെ എല്ലാ പ്രകാരത്തിലും ക്രിസ്തു വിശ്വസ്തൻ എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

മൂന്നാമതായി....കർത്താവ് തൻെറ ജനത്തിൽ നിന്നും വിശ്വസ്തത പ്രതീക്ഷിക്കുന്നു. (റോമർ 12:1–2) വിശ്വസ്തൻ എന്നാൽ ആ വ്യക്തി ആശ്രയിക്കുവാനും, വിശ്വസിക്കുവാനും കൊള്ളാകുന്നവനും, ഉത്തരവാദിത്വ ബോധമുള്ളവനും എന്ന് വ്യക്തമാണല്ലോ. പൗലോസ് 1 കൊരിന്ത്യർ 15:58–ൽ ഇപ്രകാരം പറയുകയുണ്ടായി—'' ആകയാൽ എൻെറ പ്രിയ സഹോദരൻമാരേ, നിങ്ങൾ ഉറപ്പുള്ളവരും, കുലുങ്ങാത്തവരും, നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിൻെറ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ '' വിശ്വസ്തൻ എന്നാൽ അനുസരണമുള്ളവൻ എന്നും അർത്ഥം വരുന്നു. ആ വ്യക്തി കർത്താവിൻെറ അധികാരത്തെ മനസ്സിലാക്കുന്നു. അവൻ ചെയ്യുന്നതിലും, സംസാരിക്കുന്നതിലും ക്രിസ്തുവിന് പ്രഥമസ്ഥാനം നല്കുന്നു. ( മത്തായി 6:33 )....അവൻ വചനത്തെ അനുസരിച്ച് ജീവിക്കുന്നവനുമായിരിക്കും. ( യാക്കോബ് 1:22 ).

വിശ്വസ്തത ഒരു വ്യക്തിയുടെ ജീവിതത്തിൽ ...വിശ്വസിക്കുന്നതിലും, അനുസരിക്കുന്നതിലും....സേവനം ചെയ്യുന്നതിലും പ്രതിഫലിച്ചു നില്ക്കുന്നു. ക്രിസ്തു പറഞ്ഞു—'' മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും '' വെളിപ്പാട് 2:10. വിശ്വസ്തനായ മനുഷ്യൻ ജീവിത വിജയം നേടുന്നു, നിത്യമായ കിരീടത്തിനായി അർഹത നേടുന്നു. യാക്കോബിൻെറ വാക്കുകളിൽ—'' പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും '' യാക്കോബ് 1:12.

ഇതെല്ലാം തുടക്കം മാത്രം. വിശ്വസ്തത എന്നാൽ ഇതും ഇതിനപ്പുറവുമാണ്....സേവനത്തിലൂടെയും, ദാനത്തിലൂടെയും, വളർച്ചയിലൂടെയും ശക്തമാകുന്ന ജീവിതമാണ് വിശ്വസ്തനായ ഒരു വ്യ

ക്തിയുടേത്. മററൊരർത്ഥത്തിൽ....ക്രിസ്തുവിലുള്ള ജീവിതം ക്രിസ്തുവിൻെറ ആത്മാവിനാലുള്ള ജീവിതം അഥവാ ക്രിസ്തുവിനെപ്പോലെയുള്ള ജീവിതം.

നിങ്ങഠം ക്രിസ്തുവിനെ അനുസരിച്ചുവോ ? അങ്ങനെയെങ്കിൽ നിങ്ങഠം അവൻെറ വിശ്വസ്തനായ അനുയായി ആണോ ? ക്രിസ്തുവിന് താങ്കളെ വിശ്വസിക്കാമോ ? നിങ്ങളുടെ ജീവിതാവസാനത്തോളം അവനോടൊപ്പം ജീവിക്കുമോ ?

എങ്കിൽ....ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗ ലോകത്തിൽ എല്ലാ കാലവും ജീവിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട അവൻെറ വിശ്വസ്തരിൽ ഒരുവനായി നിങ്ങളും ആയിതീരും. അതായിരിക്കും നമ്മുടെ വിശ്വസ്തതയ്ക്ക് ദൈവത്തിൻെറ പ്രതിഫലം.

* * * *

# തിരുവചനത്തിലെ സഭ

## സഭയുടെ നാമം

സഭ, തിരുവചന പ്രകാരമുള്ള ഒന്നാണ് എങ്കിൽ, തിരുവചന പ്രകാരം അതിനു ഒരു നാമവും ഉണ്ടായിരിക്കണമല്ലോ. മനുഷ്യരാൽ രൂപീകരിക്കപ്പെട്ടതും മനുഷ്യരാൽ നാമകരണം ചെയ്യപ്പെട്ടതുമായ അനേകം സഭാവിഭാഗങ്ങളെ നമുക്കു ചുററും കാണുവാൻ കഴിയും. എപ്രകാരമാണ് ഈ നാമങ്ങഠം നിലവിൽ വന്നത് ? അവയിൽ പലതും അത്തരം സഭകളുടെ സ്ഥാപകന്മാരെ ഓർമ്മിക്കുന്നതിനായി നല കിയിട്ടുള്ളതാണ്. ദൈവ കല്പനയായ സ്നാനത്തിന് മുൻഗണന നല്കി അറിയപ്പെടുന്നവരുണ്ട്........ഒരു പ്രത്യേക ദിവസത്തിൻെറ നാമത്തിൽ നിലവിലുള്ള സഭാ വിഭാഗങ്ങളും ഉണ്ട്.

ഇവിടെ ഉദ്ധരിച്ച വിഭാഗങ്ങളെക്കുറിച്ചു തെററായ ഒരു പ്രചരണം നടത്തണമെന്ന ഉദ്ദേശമല്ല; മറിച്ച് സത്യം എന്താണ് എന്നു വായനക്കാർക്ക് മനസ്സിലാകുന്നതിനു വേണ്ടി ഉദാഹരണങ്ങളായി അവ ചേർത്തു എന്നു മാത്രം.

ഇപ്രകാരം ക്രിസ്തുവിനു നൽകേണ്ട മഹത്വം എടുത്തു മററു നാമങ്ങഠംക്ക് നല്കുന്നത് ശരിയാണോ ?

മനുഷ്യരാൽ നല്കപ്പെട്ട ഈ നാമങ്ങഠം എന്തുകൊണ്ട് തെററാണ് എന്ന് നമുക്കു ചിന്തിക്കാം. പലകാരണങ്ങളുണ്ട്.

ഒന്നാമതായി .. ഇവ ഭിന്നത ഉണ്ടാക്കുന്നു. പല നാമങ്ങഠം പല വിഭാഗങ്ങളെ സൃഷ്ടിക്കുന്നു എന്നത് സ്വാഭാവികമാണല്ലോ. ദൈവ

ഹിതത്തിന് വിരോധമായ പ്രവൃത്തിയാണ് ഭിന്നത. വിവിധങ്ങളായ നാമങ്ങൾ മനുഷ്യരെ പല വിഭാഗങ്ങളായി മാററി നിർത്തുന്നു. യോഹന്നാൻ 17–ാം അദ്ധ്യായത്തിൽ ക്രിസ്തു പ്രാർത്ഥിച്ച പ്രാർത്ഥനയ്ക്കു വിരോധമായാണ് ഇന്ന് മനുഷ്യർ പ്രവർത്തിക്കുന്നത് ....എല്ലാവരും ഒന്നായിരിക്കണം എന്നു ക്രിസ്തു ആഗ്രഹിച്ചു.

രണ്ടാമതായി....തിരുവചനം വിഭാഗങ്ങളെ എതിർക്കുന്നു. 1 കൊരിന്ത്യർ 1:10 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ അപ്പോസ്തലനായ പൗലോസ് മാനുഷിക നാമങ്ങൾ സ്വീകരിക്കുന്നതിലുള്ള അപാകത ചൂണ്ടി കാട്ടുന്നു.

മൂന്നാമതായി....മനുഷ്യർ നല്കിയിരിക്കുന്ന ഈ നാമങ്ങൾ ക്രിസ്തുവിന്റെ നാമത്തിന് പകരമായാണ് അവർ നല്കിയിരിക്കുന്നത്. പക്ഷേ പ്രവൃത്തികൾ 4:12–ൽ നാം ഇപ്രകാരം വായിക്കുന്നു–" മറെറാരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."

നാലാമതായി....ഇപ്രകാരമുള്ള അനവധി നാമങ്ങളും വിഭാഗങ്ങളും ക്രിസ്ത്യാനികളല്ലാത്തവരിൽ ചിന്താക്കുഴപ്പവും സംശയവും ജനിപ്പിക്കുന്നു....അവർ സത്യത്തിൽ നിന്നും അകററപ്പെടുന്നു.

ഈ വ്യത്യസ്ത വിഭാഗങ്ങൾ അവരുടെ പക്ഷത്തേയ്ക്കു കൂടുതൽ കൂടുതൽ ആളുകളെ ചേർക്കുന്നതിനു വ്യാപൃതരാണ്. അവരിലേയ്ക്ക് ചേരാത്ത വ്യക്തി 'നഷ്ടപ്പെട്ടവൻ' എന്നു കൂടി അവർ പ്രഖ്യാപിക്കുന്നു; (അവരല്ലാത്ത എല്ലാ വ്യക്തികളും) ഈ കാരണങ്ങളാൽ വിവിധങ്ങളായ മാനുഷിക നാമധേയ വിഭാഗങ്ങൾ തെററും പാപവുമാണ്.

യഥാർത്ഥ സഭയെക്കുറിച്ച്–ക്രിസ്തു അതിനെ പണിയും എന്നു പറഞ്ഞു. (മത്തായി 16:18). അവന്റെ രക്തത്താലാണ് ക്രിസ്തു അത് വിലയ്ക്കു വാങ്ങിയത് (പ്രവൃത്തി 20:28). കൂടാതെ ക്രിസ്തു സഭയുടെ രക്ഷകനും (എഫേസ്യർ 5:23) അതിന്റെ തലയുമാണ് (കൊലൊസ്സ്യർ 1:18)....സ്വാഭാവികമായും സഭയുടെ സ്ഥാപകനും, നിർമ്മാതാവും, രക്ഷകനും, തലയുമായ വ്യക്തിയെ ബഹുമാനിക്കുന്നതിന്റെ സൂചനയായി ആ വ്യക്തിയുടെ നാമം ധരിക്കുകയാണ് യുക്തം. പൗലോസ് റോമിലുള്ള വിശ്വാസികൾക്ക് എഴുതുമ്പോൾ "ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" (റോമർ 16:16) എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിലൂടെ....സഭ ധരിച്ചിരുന്ന നാമത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. കൊരിന്തിലുള്ള വിശ്വാസിക

ളോട് പൗലോസ് ഇപ്രകാരം എഴുതുന്നു....'' എന്നാൽ നിങ്ങൾ ക്രിസ്തുവിൻെറ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു '' ( 1 കൊരി 12:27 ). ശരീരമെന്നത് സഭയാണ് എന്നു പൗലോസിൻെറ വാക്കുകളിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും ( എഫെസ്യർ 1:22,23 ). സഭയെ....ദൈവത്തിൻെറ സഭ, ക്രിസ്തുവിൻെറ രാജ്യം, ജീവനുള്ള ദൈവത്തിൻെറ സഭ, ആദ്യജാതന്മാരുടെ സഭ....എന്ന പല നാമത്തിലും വിളിക്കപ്പെട്ടിരുന്നതായി കാണാം. പക്ഷെ ക്രിസ്തു സ്ഥാപിച്ച സഭയെ ഉദ്ദേശിച്ചാണ് ഈ നാമങ്ങളെല്ലാം എന്നു വ്യക്തമാണ്....ദൈവത്തിനുള്ളത് ക്രിസ്തുവിനുള്ളതും ക്രിസ്തുവിനുള്ളത് ദൈവത്തിനുള്ളതുമാണല്ലോ.

യഥാർത്ഥമായ സഭ ക്രിസ്തുവിൻെറ സഭ അല്ലെങ്കിൽ പിന്നെ ആരുടേതാണ് ?

ക്രിസ്തുവിൻെറ സഭയെ മറെറാരു നാമത്തിൽ സംബോധന ചെയ്യുവാനും വിളിക്കപ്പെടുവാനും ആഗ്രഹിക്കുന്ന വ്യക്തി പൂർണ്ണമായും വചനത്തിൽ നിന്നും അകന്നു നില്ക്കുന്നവനായിരിക്കും. ബൈബിളിൽ സഭ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത് എന്നു മനസ്സിലാക്കുകയാണ് നാം ചെയ്യേണ്ടത്.

സഭയിലെ അംഗങ്ങൾ എപ്രകാരമാണ് അറിയപ്പെടുന്നത് എന്നതിനെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. തൻെറ ജനത്തിനു ദൈവം പുതിയ ഒരു പേരു നൽകുമെന്നു യെശയ്യാ പ്രവാചകൻ മുൻകൂട്ടി പറഞ്ഞു. ( യെശയ്യാവ് 62:2 ). സിറിയയിലുള്ള അന്ത്യോക്യയിൽ വെച്ച് ആദ്യമായി വിശ്വാസികളെ '' ക്രിസ്ത്യാനികൾ '' എന്നു വിളിക്കപ്പെട്ടു. ( പ്രവൃത്തി 11:26 ). പ്രവൃത്തികൾ 26:28—ലും ' ക്രിസ്ത്യാനി ' എന്ന നാമത്തിൻെറ സ്വാധീനം മനസ്സിലാക്കുവാൻ കഴിയും. പത്രോസ് പറഞ്ഞു—'' ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുതു; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു. ''( 1 പത്രോസ് 4:16 ) ക്രിസ്തുവിനെ അനുഗമിച്ച പുതിയ നിയമ വിശ്വാസികളെ '' ക്രിസ്ത്യാനികൾ '' എന്ന പേരിൽ മാത്രമാണ് അറിയപ്പെടുന്നതു ദൈവം ഇന്നും അതു തന്നെ ആഗ്രഹിക്കുന്നു. അതിനു വിപരീതമായി നാം മറേറതെങ്കിലും നാമം ധരിക്കുന്നുവെങ്കിൽ നാം യഥാർത്ഥ ക്രിസ്ത്യാനികളല്ല. ക്രിസ്ത്യാനി എന്ന നാമം മറെറല്ലാ മാനുഷിക നാമങ്ങളിൽ നിന്നും വ്യത്യാസമുള്ളതാണ്. അതാണ് ദൈവഹിതവും.

സഭയുടേയും അംഗങ്ങളുടേയും നാമത്തിൽ ക്രിസ്തുവിൻെറ നാമമാണ് മഹത്വപ്പെടേണ്ടതു്...........എന്തുകൊണ്ട് ?

— ക്രിസ്തുവിൻെറ നാമം സകല നാമത്തിന്നും മേലായ നാമമാണ് ഫിലിപ്പിയർ 2:9—11 ).

— ക്രിസ്തുവിന്റെ നാമത്തിലാണ് മനുഷ്യന്റെ രക്ഷ അടങ്ങിയിരിക്കുന്നതു ( പ്രവർത്തികൾ 4:12 ). — എഫെസ്യർ 3:14–15 വരെ വായിക്കുക.

ആയതിനാൽ നാം ക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുകയും ( 1 യോഹന്നാൻ 5:13 ) ഏറ്റുപറയുകയും ( 2 തിമോഥ 2:19 ) മാനസാന്തരപ്പെട്ടു സ്നാനമേൽക്കുകയും ( പ്രവൃത്തികൾ 2:38 ) ആ നാമത്തിൽ ആരാധനക്കായി കൂടി വരുകയും വേണം ( മത്തായി 18:20 ). നാം ചെയ്യുന്ന എല്ലാ പ്രവൃത്തിയും യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്യണം ( കൊലൊസ്സ്യർ 3:17 ). എങ്കിൽ ആ നാമം മുഖാന്തിരം നാം നിത്യജീവന് അവകാശികളായി തീരും ( യോഹന്നാൻ 20:30,31 ).

മേൽ വിവരിച്ച സത്യങ്ങളുടെ വെളിച്ചത്തിൽ ഒരു പേരിലെന്തിരിക്കുന്നു എന്ന് ആർക്കും പറഞ്ഞ് ഒഴിയുവാൻ കഴിയുകയില്ല. മാനുഷിക നാമങ്ങളിലോ, വിഭാഗങ്ങളിലോ ഒരിക്കലും രക്ഷ ലഭിക്കുകയില്ല.... ആ നാമം ധരിക്കുന്നവർ നാശത്തിലേയ്ക്കാണ് പോകുന്നത്. പക്ഷേ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ മനുഷ്യർക്കായി ദൈവം രക്ഷ ഒരുക്കിയിരിക്കുന്നു.

( തുടരും. )

* * *

## ** ക്രിസ്തുവിന്റെ മണവാട്ടി **

**വിപുൽ റോയി.**

പോറം, സൂസിയെ ആത്മാർത്ഥമായി സ്നേഹിക്കുകയും അവളെ വിവാഹം കഴിക്കുകയും ചെയ്തു. സൂസിയും പോളിനെ സ്നേഹിച്ചു. വിവാഹത്തിനു ശേഷം സൂസി ഇപ്രകാരം പോളിനോട് പറഞ്ഞു. '' പോറം, അങ്ങയ്ക്കറിയാം ഞാൻ അങ്ങയെ വളരെയധികം സ്നേഹിക്കുന്നുവെന്നും. ഞാൻ അങ്ങയ്ക്കു ഉള്ളവളാണ് എന്നും....പക്ഷേ ഇനി എന്നെ മിസ്സിസ് പോറം എന്നു വിളിയ്ക്കുന്നതിനു പകരം മിസ്സിസ് ജയിംസ് എന്ന് വിളിക്കുന്നതിൽ കുഴപ്പമുണ്ടോ ? '' അവളുടെ ചോദ്യം അവനെ ഇരുത്തി ചിന്തിപ്പിക്കുന്നതായിരുന്നു. വളരെ വിചിത്രമായ ഒരു കഥയാണിത് എന്ന് നിങ്ങൾ പറഞ്ഞേയ്ക്കാം. പക്ഷേ നിങ്ങൾക്കറിയാമോ, ലോകം മുഴുവൻ സംഭവിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു സത്യം മാത്രമാണിത്.

യേശുക്രിസ്തു തന്റെ സഭയെ ആത്മാർത്ഥമായി സ്നേഹിക്കുകയും അതിനു വേണ്ടി തന്റെ ജീവൻ കൂടി നല്കുവാൻ തയ്യാറാ

കുകയും ചെയ്തു. ക്രിസ്തുവിന്റെ സഭയാണ് ക്രിസ്തുവിന്റെ മണവാട്ടി. ( എഫേസ്യർ 5:23 ). എന്തെന്നാൽ അവൾ ക്രിസ്തുവിനുള്ളവളാണ്. ക്രിസ്തു സഭയുടെ തലയാണ് ( കൊലൊസ്സ്യർ 1:18 ).

പക്ഷെ ഇന്ന് ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന അനേകർ ക്രിസ്തുവിനോട് പറയുന്നതിപ്രകാരമാണ്— '' കർത്താവേ, അങ്ങയ്ക്കറിയാം ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നുവെന്നും ഞങ്ങൾ എല്ലാവരും അങ്ങയുടേതാണ് എന്നും.....പക്ഷെ അങ്ങയുടെ നാമത്തിന് ഞങ്ങളുടെ മേലുള്ള ഉടമസ്ഥതയും, അവകാശവും, മഹത്വവും കാണിക്കുന്നതിനു പകരം....ഞങ്ങൾ സ്വയമായി, അംഗീകൃതമല്ലാത്ത ഒരു പേരു ഞങ്ങൾക്കായി സ്ഥാപിക്കുന്നതിൽ വിരോധമുണ്ടോ ? ''

പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ മണവാട്ടിയെ പല പേരുകളിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു; അഥവാ അഭിസംബോധന ചെയ്യപ്പെട്ടിരിക്കുന്നു.

ദൈവത്തിന്റെ സഭ ( 1. തിമോ 3:5, 1. കൊരിന്ത്യർ 1:2 )
ദൈവത്തിന്റെ ഭവനം ( 1. തിമോ 3:15 )
ജീവനുള്ള ദൈവത്തിന്റെ സഭ ( 1. തിമോ 3:15 )
ആദ്യജാതന്മാരുടെ സഭ ( എബ്രായർ 12:23 )
ക്രിസ്തുവിന്റെ ശരീരം. ( 1. കൊരിന്ത്യർ 12:27 )
ക്രിസ്തുവിന്റെ സഭ ( റോമർ 16:16 )....കൂടാതെ, ' സഭ ' എന്നും, ( പ്രവർത്തി 9:31 ).

ശരീരം ഒന്നു മാത്രം ( എഫേസ്യർ 4:4 ). ആ ശരീരമാണ് സഭ ( കൊലൊസ്സ്യർ 1:18, എഫേസ്യർ 1:22,23 )....അങ്ങനെയെങ്കിൽ സഭയും ഒന്നു മാത്രം.

ക്രിസ്തു പണിതത് ഒരു സഭയെയാണ് ( മത്തായി 16:18 ). ക്രിസ്തു തന്നെയാണ് അതിന്റെ സ്ഥാപകൻ. സഭ ആരംഭിച്ചത് യെരുശലേമിൽ നിന്ന് ( യെശയ്യാവ് 2:2,3 ലൂക്കോസ് 24:47–49 പ്രവർത്തികൾ 1:8, 2:38–47 ).

യെരുശലേമിൽ സഭ ആരംഭിച്ച വർഷം 33 AD. സ്വന്ത രക്തത്താൽ അതിനെ വിലക്കു വാങ്ങുന്നതിനായി ക്രിസ്തു മരിച്ചു. ( പ്രവർത്തികൾ 20:28 ). ക്രിസ്തുവാണ് സഭയുടെ രക്ഷകൻ ( എഫേസ്യർ 5:23 ). ക്രിസ്തു പറഞ്ഞു—' ഞാൻ സഭയെ പണിയും. മത്തായി 16:18. ആയതിനാൽ സഭ ക്രിസ്തുവിനുള്ളതാണ്; അതു കൊണ്ട് ക്രിസ്തുവിന്റെ നാമം ധരിച്ചുകൊണ്ട് ക്രിസ്തുവിന്റെ

ഉടമസ്ഥതയും, മഹത്വവും പ്രദർശിപ്പിക്കണം....അല്ലാതെ മററ് നാമങ്ങളെയല്ല സഭ ധരിക്കേണ്ടത് !

പുതിയ നിയമത്തിൽ ജനങ്ങൾ രക്ഷിക്കപ്പെട്ടത്— അവർ ക്രിസ്തുവിനെ വിശ്വസിക്കയും, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും, ക്രിസ്തു ദൈവ പുത്രനാണ് എന്ന് ഏററ് പറഞ്ഞ്, ജലത്തിൽ സ്നാനം ഏല്ക്കുകയും ചെയ്തതിലൂടെയാണ് ....അപ്രകാരം അവർ തങ്ങളുടെ പാപങ്ങളുടെ മോചനം നേടിയതു ( പ്രവർത്തികൾ 16:31, 2:38, 8:37, മർക്കോസ് 16:16, പ്രവർത്തി 22:16, റോമർ 6:3–4 ).

തുടർന്ന് കർത്താവ് അവരെ സഭയോട് ചേർത്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ( പ്രവർത്തികൾ 2:47 )....അപ്രകാരം സഭ എന്നത് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായി തീർന്നു.

നിങ്ങൾ രക്ഷയ്ക്ക് ആവശ്യമായ ദൈവിക പദ്ധതി അനുസരിച്ചുവോ, എങ്കിൽ നിങ്ങൾ രക്ഷ പ്രാപിക്കുകയും കർത്താവു നിങ്ങളെ അവന്റെ സഭയോട് ചേർക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യർ രൂപ കല്പന ചെയ്ത സഭയിലേയ്ക്കല്ല, പിന്നെയോ, ക്രിസ്തുവിന്റെ സഭയിലേയ്ക്കു തന്നെ. അങ്ങനെ അവന്റെ നാമം ധരിച്ചു ''ക്രിസ്ത്യാനികൾ'' എന്നറിയപ്പെടുന്നു. (പ്രവർത്തി 11:26).

മററ് സഭകളിൽ ചേരുന്നതിനെക്കാളുപരി എന്തുകൊണ്ട് നിങ്ങൾക്ക് ക്രിസ്തുവിന്റെ സഭയിൽ അംഗമായി തീർന്നു കൂടാ ? തന്റെ സഭയെ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കുന്നതിനായി ക്രിസ്തു വരുന്ന സമയം വിദൂരമല്ല........നിങ്ങൾ അവരിൽ ഒരാളായി തീരുമോ ?
സഹായത്തിനായി എഴുതുക:—

* * * *

# സമൂഹ മദ്യപാനം

**ഷെൽബി**

ഒഥെല്ലോ എന്ന നാടകത്തിൽ വില്ല്യം ഷെയ്ക്സ്പിയർ പറയുന്നു; അല്ലയോ വീഞ്ഞിന്റെ അജ്ഞാതമായ ആത്മാവേ, നിനക്ക് അറിയപ്പെടുന്ന ഒരു പേരില്ലെങ്കിൽ ഞങ്ങൾ നിന്നെ ഭൂതം എന്നു വിളിക്കട്ടെ '' നിഷ് പ്രയോജനമായ മദ്യപാനത്തിനും മദ്യത്തിനും അനുയോജ്യമായ പേരാണ് ഭൂതമെന്നതിൽ സംശയമേയില്ല; മറിച്ചു മനുഷ്യന്റെ അസന്തോഷത്തിനും, ദുഃഖത്തിനും, ലജ്ജക്കും, മരണത്തിനും അത് അവസരമൊരുക്കുകയാണ് ചെയ്യുന്നത്. മനുഷ്യനെ അധികം ദുഃഖത്തിലാഴ്ത്തുന്ന ഈ മദ്യപാനാസക്തി ഒരിക്കലും

ദൈവത്തിൽ നിന്നല്ല, പിന്നെയോ ദേഹത്തെയും ദേഹിയെയും ആത്മാവിനേയും നശിപ്പിക്കുന്ന ദുഷ്ടനിൽ നിന്നത്രെ വരുന്നത്.

മതപരമായി ജീവിക്കുന്നുവെന്ന് അവകാശപ്പെടുന്നവരും മതാദ്ധ്യക്ഷന്മാർ എന്ന പദവി നാമമാത്രമായി എടുത്തിരിക്കുന്നവരും സാമൂഹ്യവിരുന്നിന്റെ ഭാഗമായി മദ്യവും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതു തിന്മക്കല്ല; നന്മക്കാണ് എന്നാണ് അവരുടെ വാദം (യെശയ്യാവ് 5:20–23 ). ചിലർ ഇതിനെ ന്യായീകരിക്കുന്നതിനു വേണ്ടി യേശുക്രിസ്തുവിന്റെ പേരിനേയും സ്വഭാവത്തേയും ദുഷിക്കാറുണ്ട്. കാനാവിലെ കല്ല്യാണ വിരുന്നിന്നു യേശുക്രിസ്തു വീഞ്ഞുണ്ടാക്കി കൊടുത്തില്ലേ എന്ന വാദഗതിയാണ് അവർ ഉന്നയിക്കാറ്. ആരോപണം അതിന്റെ ഉദ്ദേശത്തെ വെളിപ്പെടുത്തുന്നു എന്നു നമുക്കറിയാം.

സമൂഹമദ്യപാനത്തെ യേശുക്രിസ്തു അംഗീകരിക്കുന്നുവെന്നു പറയുന്നവർക്ക് യേശു ചെയ്തതുപോലെ വെള്ളം വീര്യമുള്ള വീഞ്ഞാക്കി മാററുവാൻ ഒരിക്കലും കഴിയുകയില്ലല്ലൊ. വാസ്തവത്തിൽ പഴയ നിയമത്തിലും നാം ഒന്നു കണ്ണോടിച്ചാൽ മദ്യത്തെ വിലക്കിയിരിക്കുന്നതായികാണാം. യേശുക്രിസ്തു ഉണ്ടാക്കിയതായ വീഞ്ഞു ലഹരിയുള്ളതാകാം എന്ന് അനുമാനിക്കുവാൻ സാദ്ധ്യമല്ല. കാരണം, വീഞ്ഞ് എന്ന വാക്കു മൂന്നുവിധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മുന്തിരി എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രവാചകനായിരുന്ന യിരമ്യാവ് ഈ അർത്ഥത്തിൽ വീഞ്ഞ് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. എന്നാൽ നിങ്ങളുടെ പാത്രങ്ങളിൽ എണ്ണയും വീഞ്ഞും പഴങ്ങളും ശേഖരിച്ചു നിറച്ചുകൊൾവിൻ ( യിരമ്യ 40:12 )...യെശയ്യാവും ഈ രീതിയിൽ ഇതേ വാക്കിനെ സൂചിപ്പിച്ചിട്ടുണ്ട് ( യെശ 27:2 ).

രണ്ടാമതായി മുന്തിരി പിഴിഞ്ഞെടുത്ത പഴക്കമില്ലാത്ത ദ്രാവകത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. യെശയ്യാവ് ഈ രൂപത്തിൽ വീഞ്ഞ് എന്നപദം ഉപയോഗിച്ചിരിക്കുന്നു ( യെശ 16:10 ), തന്റെ ഉപമകളിൽ ഒന്നിൽ യേശു ഇതേ അർത്ഥത്തിൽ പറയുന്നുണ്ട്. പുതുവീഞ്ഞ് എന്നാണ് കർത്താവിന്റെ പ്രസ്താവന. പിഴിഞ്ഞെടുത്ത മുന്തിരിച്ചാർ ഉടനെ പുതിയ തുരുത്തിയിൽ പകരുമ്പോൾ അതു പുതു വീഞ്ഞായി കണക്കാക്കുന്നു. എന്നാൽ ഇതുപഴക്കം ചെല്ലുന്നതോടെ, വീര്യമുള്ളതും ലഹരിയുള്ളതുമായി മാറുന്നു. മൂന്നാമതായി ഇത്തരത്തിലുള്ള വീഞ്ഞിനെ മദ്യം എന്ന അർത്ഥത്തിലും വ്യക്തമാക്കിയിരിക്കുന്നു.

ആർക്കു കടം ?, ആർക്ക് വിഷമം ?, ആർക്കു ആവലാതി ? ആർക്ക് ദുഃഖം ?കാരണം കൂടാതെ മുറിവ് ആർക്ക് ? ചുവന്ന കണ്ണുകൾ ആർക്ക്, വീഞ്ഞുകുടിയിൽ ദൈർഘ്യമുള്ളവർക്ക് തന്നെ; കലർപ്പുള്ള വീഞ്ഞു അന്വേഷിക്കുന്നവർക്ക് തന്നെ എന്നു ശലോമോൻ പറയുമ്പോൾ

അതു പുതു വീഞ്ഞിനെ ഉദ്ദേശിച്ചല്ല; മറിച്ച് ലഹരിയുള്ള വീഞ്ഞിനെക്കുറിച്ചാണ് (സദൃശ 23:31–32). ലഹരിയുള്ള വീഞ്ഞിനെക്കുറിച്ച് വീണ്ടും ശലോമോൻ പറയുന്നതു, '' വീഞ്ഞ് ചുവന്നിരിക്കുമ്പോഴും അതിൽ കണ്ണുവെക്കരുത്; അതിന്റെ വർണ്ണം പാത്രത്തിൽ ഇരിക്കുമ്പോഴും അതു നല്കുന്നു. തന്നെത്താൻ ഇളകുമ്പോഴും നന്നായി തോന്നും. അവസാനം ഒരു സർപ്പത്തെപ്പോലെ അതു കടിക്കും; അട്ടയെപ്പോലെ നക്കും.'' എന്നത്രെ (സദൃശ. 23:31–32). ഇതിൽ അവൻ അർത്ഥമാക്കുന്നത്, ഒരുവൻ വീഞ്ഞ് വീര്യമുള്ളതായി ലഹരിയുണ്ടാകത്തക്കതായാൽ അതു കുടിക്കരുത്; കുടിച്ചാൽ അതു പാമ്പുകടിപോലെയും അട്ട നക്കുന്നതു പോലെയും ആയിത്തീരും എന്നതാണ്.

മദ്യപാനം ദൈവ ജനത്തിനു നിഷിദ്ധമെന്ന് ശലോമോൻ പറഞ്ഞിട്ടുള്ളപ്പോൾ, ഒരിക്കലും യേശുക്രിസ്തു, ലഹരിയുള്ള വീഞ്ഞുണ്ടാക്കി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുമെന്നത് നിശ്ചയമായും ശരിയല്ല. അതുകൊണ്ട് യേശുക്രിസ്തു വെള്ളം വീഞ്ഞാക്കി മാററിയതു പുതിയ മുന്തിരിച്ചാറാണെന്നതിനു യാതൊരു സംശയവുമില്ല. അതു കുടിച്ചവർ അംഗീകരിക്കുകയും ചെയ്യും.

അവൻ സമൂഹമദ്യപാനത്തെ അംഗീകരിച്ചിട്ടുണ്ടോ എന്നതിന് യേശുവിന്റെ തുടർന്നുള്ള ഉപദേശത്തെ നമുക്കു പരിശോധിക്കാം. തന്റെഭൗമിക ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ശിഷ്യന്മാരെ രണ്ടാം വരവിനെക്കുറിച്ച് പഠിപ്പിക്കുമ്പോൾ അവൻ പറയുന്നു, '' എന്നാൽ അവൻ ദുഷ്ടദാസനായി; യജമാനൻ വരുവാൻ താമസിക്കുന്നു എന്നു ഹൃദയം കൊണ്ട് പറഞ്ഞു കൂട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടുകൂടെ തിന്നു കുടിപ്പാനും തുടങ്ങിയാൽ ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്നു അവനെ ദണ്ഡിപ്പിച്ചു അവന് കപട ഭക്തിക്കാരോടു കൂടെ പങ്കു കല്പിക്കും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും'' — (മത്തായി 24:48–51). കുടിയന്മാരോടു കൂടെ തിന്നു കുടിക്കുന്നതാണോ സമൂഹമദ്യപാനം? അതു തന്നെയാണ് ഉപമയിലൂടെ തന്റെ ശിഷ്യന്മാരെ അതിൽ നിന്നു ഒഴിഞ്ഞിരിക്കണമെന്നു പഠിപ്പിച്ചത്. ആകയാൽ സമൂഹമദ്യപാനത്തെ യേശുക്രിസ്തു പ്രോത്സാഹിപ്പിച്ചു വെന്നതു ശരിയല്ല. '' (ലൂക്കൊസ് 21:34).

യേശുക്രിസ്തുവിനെപ്പോലെ തന്നെ തന്റെ ദൈവശാസ്ത്രീയരായ അപ്പോസ്തലന്മാരും മദ്യപാനത്തെ വിലക്കിയിരിക്കുകയാണ്. റോമർക്കെഴുതിയ ലേഖനത്തിൽ പൗലോസ് പ്രബോധിപ്പിക്കുന്നത്, '' പകൽ സമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല; പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോ

ഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത്'' ( റോമർ 13:13–14 ). ഈ പ്രസ്താവനയിൽ വെറിക്കൂത്തും മദ്യപാനവും വിലക്കപ്പെട്ടിരിക്കുന്നതായി നമുക്കു കാണാം.

എല്ലാ ക്രിസ്ത്യാനികളും മദ്യപാനം തെററാണെന്നു മനസ്സിലാക്കുന്നു. എന്നാൽ സമൂഹമദ്യപാനം ശരിയാണെന്നു സമർത്ഥിക്കുന്ന മതപരമായ ആളുകളും ഇല്ലാതില്ല. ഇതു ശരിയാണോ എന്നു നമുക്കു നോക്കാം. മൂല ഭാഷയിൽ കോമോസ് ( Komos ) എന്ന വാക്കാണ് ഇതിനുപയോഗിച്ചിരിക്കുന്നത്....അർത്ഥം, മദ്യാസക്തിയോടെ തെരുവുകളിൽ നൃത്തം ചവിട്ടി സ്നേഹിതരുടെ വീടുകൾക്കു മുൻപിൽ ആട്ടും പാട്ടുമായി എത്തുന്നതിനെയാണ് ഗ്രീക്കിൽ ഇതു സൂചിപ്പിക്കുന്നത്....അതുകൊണ്ട് ഈ നിർവ്വചനപ്രകാരം മദ്യപാനം തെററെന്നുമാത്രമല്ല, പരിഹാസജനകവും ആരോഗ്യത്തിനുഹാനികരവുമാണ്. കുടുംബ ജീവിതത്തെ സാരമായി ബാധിക്കുന്ന ഈ ദുഃസ്വഭാവം ആരിലും ഉണ്ടാകുന്നതു ഭൂഷണമല്ല. ദൈവ പൈതലായി തീർന്ന ഒരു വ്യക്തിയുടെ ഭദ്രതക്ക് ലഹരിപദാർത്ഥങ്ങൾ വർജ്ജിക്കേണ്ടതു അനിവാര്യമാണ്. ആത്മീയമായും മാനസികമായും ശാരീരികമായും, സമൂഹത്തിൽ ദൈവത്തിനു കൊള്ളാകുന്നവരായി ഇപ്രകാരം നമുക്കു ജീവിക്കാം.

****

# മനുഷ്യാത്മാവു് ഒരിക്കലും മരിക്കുന്നില്ല

മനുഷ്യരേയും മൃഗങ്ങളേയും തമ്മിൽ വേർതിരിച്ചു കാണുവാൻ കഴിയുന്ന ഒന്നു മനുഷ്യർക്കുണ്ടു്; അതാണ് ആത്മാവു്. പുറമെയുള്ള പ്രവൃത്തിയിലും സ്വഭാവത്തിലും മനുഷ്യരും മൃഗങ്ങളുമായി ഇന്നു വലിയ വ്യത്യാസമുള്ളതായി നാം കാണുന്നില്ല. മൃഗങ്ങളെ പോലെ തന്നെ മനുഷ്യരും മരണത്താൽ നശിച്ചു പോകുന്നുവെന്ന വിശ്വാസം വളരെക്കാലമായി നിലനില്ക്കുന്നുണ്ട്. എന്നാൽ മനുഷ്യ സിദ്ധാന്തത്തേക്കാളുപരി നാം ആശ്രയിക്കേണ്ടതു ദൈവത്തിന്റെ സിദ്ധാന്തത്തെയാണ്. ബൈബിളിൽ കണ്ടെത്താവുന്ന തെളിവുകൾ യുക്തി സഹജമായി വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ ഞാൻ ചെയ്യുന്നതു്. ബൈബിളിൽ പ്രതിപാദിക്കുന്ന കാര്യങ്ങളെല്ലാം ഒന്നുകിൽ ഉണ്ടു് എന്നും അല്ലെങ്കിൽ ഇല്ല എന്നുമാണ്. മനുഷ്യരിൽ ഒരു നിത്യാത്മാവു് ഉണ്ടെന്നും ഭൗതിക മരണശേഷവും അതു തുടർന്നു ജീവിക്കുന്നുവെന്നും ബൈബിൾ പഠിപ്പിക്കുന്നു.

തിരഞ്ഞെടുക്കുവാനുള്ള അവസരം ഈ ജീവിതത്തിൽ ഓരോ മനു
ഷ്യനുമുണ്ടു്. ഭൗതിക ജീവിതം താല്ക്കാലികമാണെന്നു ദൈവം
ബൈബിളിൽ നിരവധി ഭാഗങ്ങളിൽ മുന്നറിയിച്ചിരിക്കുന്നു. ആദാ
മിന്റെ പാപ ഫലം നിമിത്തവും മനുഷ്യനു തിരഞ്ഞെടുക്കുവാനു
ള്ള സ്വാതന്ത്ര്യമുള്ളതിനാലും എല്ലാ മനുഷ്യരും മരിക്കേണ്ടി വരുന്നു
സങ്കീർത്തനം 49:12–ൽ നാം വായിക്കുന്നതു്, ''എന്നാൽ മനുഷ്യൻ
ബഹുമാനത്തിൽ നിലനില്ക്കുകയില്ല. അവൻ നശിച്ചു പോകുന്ന
മൃഗങ്ങൾക്കു തുല്യൻ'' എന്നത്രേ. ലേഖകൻ വിവക്ഷിക്കുന്നതു്,
മനുഷ്യൻ മൃഗത്തെപ്പോലെയാണെന്നല്ല; മരിച്ചു് മൃഗങ്ങളെപ്പോലെ
മരിക്കേണ്ടതാകുന്നു എന്നാണ്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ മനു
ഷ്യന്റെ ഈ ലോക ജീവിതം താല്ക്കാലികമാണെന്നാണ്. ജീവിച്ചിരി
ക്കുന്ന എല്ലാവർക്കും തങ്ങൾ മരിക്കുമെന്നറിയാം. ഒരിക്കൽ മരണവും
പിന്നെ ന്യായവിധിയും സകല മനുഷ്യർക്കും ദൈവം ഒരുക്കിയിരി
ക്കുന്നു (എബ്രായർ 9:27). (യേശുക്രിസ്തു അതിനു മുൻപു വന്നി
ല്ലെങ്കിൽ).

ജഡമെന്നും ആത്മാവെന്നും രണ്ടായി തരം തിരിച്ചുകൊണ്ടാണ് മ
നുഷ്യന്റെ അവസ്ഥയെ ബൈബിളിൽരേഖപ്പെടുത്തിയിരിക്കുന്നതു്.
മൃഗങ്ങളുടേയും മനുഷ്യന്റേയും മാംസത്തെ സൂചിപ്പിക്കുന്നതിനാ
ണ് എബ്രായ വാക്കായ ''ബേസർ'' (Basor) ഉപയോഗിച്ചിരിക്കുന്ന
തു. ഗ്രീക്കിൽ ഇതിനു് കാണുന്നതു ''സാർക്സ്'' (Sarx) എന്നാ
ണ് (1 കൊരി. 15:39). മനുഷ്യനിൽ കാണുന്ന ഭൗതിക ശരീരം മരി
ക്കേണ്ടതും മണ്ണിനോടു ചേരേണ്ടതുമാണ്. ആത്മാവിനു കാണുന്ന
എബ്രായ വാക്കു് 'നെഫേഷ്' എന്നാണ്. അനേക അർത്ഥങ്ങൾ ഉള്ള
ഒരു വാക്കാകാം ഇതു. പഴയ നിയമത്തിൽ രേഖപ്പെടുത്തിയ നെഫേഷ്
എന്ന വാക്കിനു പകരം പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന
വാക്കു് 'സൂക്കെ' (Psuke) എന്നാണ്. ഭൗമിക ജീവിതത്തിൽ മനു
ഷ്യനിലുള്ള ഈ ഒരു നിത്യമായ അവസ്ഥയിലേക്കു വേണ്ടി നല്കു
ന്നു. മനുഷ്യ ഹൃദയത്തിലാണല്ലോ നിത്യത ആരംഭിക്കുന്ന
തു്. ദൈവികമായ രക്ഷ ആവശ്യമുള്ളതു് ഈ ഭാഗത്തിനാണ്. ആ
ത്മാവു നഷ്ടപ്പെടുവാനുള്ള അവസരമുണ്ടു്. ആത്മാവിനു് ഈ
ലോകത്തേക്കാൾ വിലയുണ്ടു്, എബ്രായർ 11–ാം അദ്ധ്യായം വായി
ച്ചാൽ ഇത്തരത്തിലുള്ള നിത്യമായ ഒരു പ്രത്യാശയായിരുന്നു ആ വി
ശ്വാസനായകന്മാരുടെ ആത്മീയ ജീവിതത്തിന്റെ ലക്ഷ്യമെന്നു
വ്യക്തമാണ്. യേശുക്രിസ്തു മരിച്ചപ്പോൾ തന്റെ പ്രാണനെ ദൈവ
സന്നിധിയിൽ ഭരമേല്പിച്ചതുപോലെ നമുക്കെല്ലാവർക്കും നമ്മിലു
ള്ള ആത്മാവിനെ ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു നിത്യജീവൻ
പ്രാപിക്കുവാൻ ദൈവം ഇടവരുത്തട്ടെ.

* * * *

# വാർത്തകൾ

## വിവാഹിതനായ കത്തോലിക്കാ വൈദികൻ കുർബാന അർപ്പിച്ചു

ലണ്ടൻ: വിവാഹിതനായ ഒരു കത്തോലിക്കാ വൈദികൻ കഴിഞ്ഞ ആയിരം വർഷത്തിനിടയിൽ ഇതാദ്യമായി ഇംഗ്ലണ്ടിൽ വിശുദ്ധ കുർബാന അർപ്പിച്ചു. എഴുപത്താറു വയസുള്ള ഫാ. ഡേവിഡ് മീഡ് ബ്രിഗ്സ് 1959–ൽ ആണ് ആംഗ്ലിക്കൻ സഭയിൽ നിന്നു കത്തോലിക്കാ സഭയിൽ ചേർന്നത്.

ഫാ. ഡേവിഡിനു തന്റെ വേബ്രിഡ്ജ് പാരിഷിൽ വച്ചാണു കഴിഞ്ഞ ശനിയാഴ്ച റോമൻ കത്തോലിക്കാ സഭയുടെ വൈദികപട്ടം മാർപാപ്പായുടെ അനുവാദത്തോടെ നൽകിയത്. വൈദികന്റെ ഭാര്യയും ആംഗ്ലിക്കൻ സഭയിലെ അദ്ദേഹത്തിന്റെ മുൻ സഹപ്രവർത്തകരും ചടങ്ങിൽ സംബന്ധിച്ചിരുന്നു.

## കന്യാസ്ത്രീയുടെ മൃതദേഹം കിണററിൽ

കാഞ്ഞിരപ്പള്ളി ചെങ്കൽ എസ്. എച്ച്. മഠത്തിലെ കന്യാസ്ത്രീ വിദ്യാർത്ഥിനി ജെസ്സി (22) മഠത്തിലെ ഒരു കിണററിൽ മരിച്ച നിലയിൽ കാണപ്പെട്ടു. പോസ്ററു മോർട്ടത്തിനു ശേഷം മൃതദേഹം ബന്ധുക്കൾക്കു വിട്ടുകൊടുത്തു. പോലീസ് അധികൃതർ സംഭവത്തെക്കുറിച്ചു അന്വേഷണം നടത്തി വരുന്നു.

## ഭീകരരുടെ വധ ഭീഷണി

ഡെൽഹിയിലെ വിദ്യാലയങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന നിരപരാധികളായ കുട്ടികളിൽ അയ്യായിരം പേരുടെ ജീവൻ അപഹരിക്കുമെന്ന സിക്കു ഭീകരന്മാരുടെ ഭീഷണി മനുഷ്യത്വഹീനവും മനസ്സാക്ഷി രഹിതവുമാണ്. ഉദ്ദേശമെന്തു തന്നെയായാലും ഡെൽഹിയിലെ മാതാപിതാക്കളുടെ മനം നൊന്തുരുകുന്ന ഈ പ്രവണത അവർ ഉപേക്ഷിക്കേണ്ടതാണ്.

എഡിററർ

## വായനക്കാർ എഴുതുന്നു

Dear sir,

സന്തോഷത്തോടുകൂടി ദൈവത്തിന്റെ നാമത്തിൽ എഴുതട്ടെ; ബൈബിൾ ട്രൂത്ത് കൈയിൽ കിട്ടി വളരെ സന്തോഷം. നിങ്ങളിൽ നിന്നു് അകന്നിരിക്കുന്ന ഞങ്ങൾക്ക് ഇതുമൂലം ബന്ധപ്പെടുവാൻ സാധിക്കുമെന്നു വിശ്വസിക്കട്ടെ! കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും വളരെ ഭംഗിയുള്ള ഒരു മാസികയാണ് ബൈബിൾ ട്രൂത്ത്, എന്നു പറയുന്നതിൽ തെററില്ല.

നമ്മുടെ ജീവിതം കൂടുതൽ സന്തോഷ പ്രദവും വ്യക്തി നിർഭരവുമാകുന്നതിനു ഈ മാസിക സഹായിക്കും എന്നു് എനിക്കു ഉറപ്പുണ്ടു്.

By, Shaju

# വ്യഭിചാരവും ദുർന്നടപ്പും

സ്ത്രീക്കു പുരുഷനും പുരുഷനു സ്ത്രീയും പരസ്പരം ആവശ്യമാണ്. ഭൌതികവും സാമൂഹികവുമായ ഈ ആവശ്യങ്ങൾ അവരുടെ ആരംഭം മുതൻ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഈ ആവശ്യത്തെ നിയന്ത്രണാധീനമാക്കുവാൻ ദൈവം വിവാഹം നല്കിയിരിക്കുന്നു. ദൈവ വഴി നിഷേധിക്കപ്പെടുമ്പോൾ കുററക്കാരൻ അതിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നു. മുൻ നിർണ്ണയത്തോടെ ചെയ്യുന്ന രണ്ടു പാപങ്ങളാണല്ലോ ദുർന്നടപ്പും വ്യഭിചാരവും. ഇത്തരത്തിലുള്ള പ്രവൃത്തികൾ സ്വീകരിക്കുന്നവർ വിവാഹത്തെ ആദരിക്കേണ്ടതും ജഡിക മോഹങ്ങളെ വിട്ടു കളയേണ്ടതുമാണ്.

അവിഹിതമായ ലൈംഗിക ബന്ധം പുലർത്തുന്നതിനെയാണ് ദുർന്നടപ്പു് എന്നു പറഞ്ഞിരിക്കുന്നതു്. വിവാഹം കഴിഞ്ഞ ഒരു വ്യക്തി കഴിയാത്ത ഒരാളുമായി, വിവാഹം കഴിച്ച വ്യക്തിയുമായല്ലാതെ മറെറാരാളുമായി, അവിവാഹിതർ തമ്മിലായി നടത്തുന്ന ലൈംഗിക ബന്ധം ഇതിൽ പെടുന്നു. ഇങ്ങനെയുള്ള ബന്ധം വിവാഹകരാറിനു പുറത്തുള്ളതാകയാൽ അതു ന്യായീകരിക്കാവുന്ന ഒന്നല്ല. ധർമ്മ വിരുദ്ധമായ ഈ നടപടി തികച്ചും അപലപനീയം തന്നെ. പ്രത്യേകിച്ചു യുവതീ യുവാക്കൾ ദുർന്നടപ്പിന്റെ പരീക്ഷണത്തിനു വിധേയരായിത്തീരുന്നുണ്ടു്. ഈ സംഭവത്തിൽ അകപ്പെടുന്ന ഒരാൺകുട്ടിയും പെൺകുട്ടിയും ഒരുപോലെ തെററുകാരാണ്. പക്ഷെ പൊതു ജനങ്ങൾ കുററക്കാരി എന്നു പെൺകുട്ടിയെ മാത്രം വിധിയെഴുതും. സമൂഹം ഈ പെൺകുട്ടിയെ പിന്നീടു സ്വീകരിക്കുവാൻ

പോലും മടിക്കുന്നു. ഇതു ഏക പക്ഷീയമായ ഒരു വിവേചനം മാത്രമാണ്. ഇതിനിരയായ പെൺകുട്ടി, അവളുടെ കന്യകാത്വം ഉപേക്ഷിച്ചു് ഗർഭം ധരിക്കാനിടയാകുന്നു, കുററമുള്ള മനസ്സാക്ഷിയോടെ നടക്കുന്നതു കാണുമ്പോൾ അവളുടെ രക്ഷ കർത്താക്കൾക്കു ഹൃദയഭേദകമായി മാറുന്നു. ഇതായിരുന്നു പുരാതന രീതി. തോന്നുന്ന രീതിയിൽ ജീവിക്കുന്ന ഒന്നായിരിക്കുന്നു ഇന്നത്തെ ധാർമ്മിക നിലവാരം. എന്നാൽ പോലും ഒരു പെൺകുട്ടി തന്റെ വഴി വിട്ടുപോയാൽ വലിയ വില കൊടുക്കേണ്ടി വരുന്നു. പലപ്പോഴും യുവാക്കൾക്കു വിവാഹം കഴിയുന്നതുവരെ കാത്തിരിക്കുന്നതിനുള്ള ക്ഷമയില്ലായ്മയാലാണ് ചിലരൊക്കെ അവിഹിതബന്ധത്തിൽ ഏർപ്പെടുന്നതു. അതു അവിടെ അവസാനിപ്പിക്കാത്തതു കൊണ്ട് വിവാഹ ശേഷവും ഇതു തുടർന്നുകൊണ്ടു പോകുന്നു. പിന്നീടു കൂടുതൽ പ്രശ്നങ്ങളിലേക്കും ചിലപ്പോൾ വിവാഹ മോചനത്തിനു പോലും തയ്യാറാവുന്നു. ദുർന്നടപ്പു് ആചരിക്കുന്നവരിൽ കാണുന്ന ഫലങ്ങളും അതിനുള്ള കാരണങ്ങളും ഇതു കൂടാതെ നിരവധിയുണ്ടു്; സമൂഹം അംഗീകരിച്ചാലും മനുഷ്യ നിയമ പരിധിയിൽ പെട്ടാലും ഇല്ലെങ്കിലും അതു പാപം തന്നെയാണ്.

ദുർന്നടപ്പു വിട്ടൊഴിയുവാനാണ് നമ്മോടു പറഞ്ഞിരിക്കുന്നതു്. (പ്രവൃ. 15:20, 29). ശരീരം ദുർന്നടപ്പിനല്ല; കർത്താവിനത്രെ, കർത്താവു ശരീരത്തിനായും എന്നത്രെ പൗലൊസ് പറഞ്ഞിരിക്കുന്നതു് (1 കൊരി. 6:13). അവൻ തുടരുന്നു; ദുർന്നടപ്പു വിട്ടൊഴിയുവിൻ, മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരം കൂടാതെയത്രെ. എന്നാൽ ദുർന്നടപ്പു പ്രവർത്തിക്കുന്നവൻ സ്വന്ത ശരീരത്തിനെതിരായി പാപം ചെയ്യുന്നു. ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവു വസിക്കുന്ന മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നു് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങൾ തന്താങ്ങൾക്കുള്ളവരല്ല; നിങ്ങളെ വിലക്കു വാങ്ങിയതത്രെ. ആകയാൽ ദൈവത്തിന്റെ ആത്മാവു വസിക്കുന്ന ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടതു് (1 കൊരി. 6: 18–20). എന്നാൽ ദുർന്നടപ്പിലുള്ള കുഴപ്പമെന്താണ്. നമുക്കു ശരിയായി തോന്നുന്നതെന്തും ചെയ്യുന്നതു തീർച്ചയായും ശരിയല്ല. ഈ തത്വശാസ്ത്രം പിശാചിന്റേതാണ്. അതു സ്വീകരിക്കുന്നവർ അതിന്റെ ഫലവും അനുഭവിക്കേണ്ടിവരും. സ്വന്തശരീരം കൊണ്ടും മററൊരാളുടെ ശരീരംകൊണ്ടും ചെയ്യുന്ന ഒരു പാപമാണ് ദുർന്നടപ്പു്. അതൊരു വില കുറഞ്ഞ പ്രവർത്തിയാണ്. ഇതിന്റെ പ്രത്യാഘാതമായി ഇതിനു വശംവദരാകുന്ന വ്യക്തികളിൽ സാമൂഹ്യരോഗങ്ങൾ ബാധിക്കാറുണ്ടു്. ഒരു പക്ഷെ ഈ രോഗങ്ങൾ തടയുകയും സുഖപ്പെടുത്തുകയും ചെയ്താൽ പോലും ആ അടയാളങ്ങൾ ദുഷ്പ്രവൃത്തിയുടെ ഫലമായി കാണപ്പെടുന്നു. ധാർമ്മിക നീതിയിൽ നിന്നും വിട്ടുപോകുന്ന

ഏതൊരു വ്യക്തിയും അതിനു പിഴയുണ്ടെന്നു മനസ്സിലാക്കണം.

ദുർന്നടപ്പ് ജഡത്തിന്റെ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (1 കൊരി. 6:9–10). ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. എഫേസ്യയിലുള്ള ക്രിസ്ത്യാനികളെ പൗലോസ് മുന്നറിയിക്കുന്നതു, വിശുദ്ധൻമാരായിത്തീർന്ന നിങ്ങളിൽ ദുർന്നടപ്പ്, അശുദ്ധി എന്നിവ പേർ പറകപോലും അരുത് എന്നത്രേ. കൊലോസ്യയിലുള്ളവരോടു പറയുമ്പോൾ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ ഒരിക്കലും ദുർന്നടപ്പിനോ, അശുദ്ധിക്കോ വിഗ്രഹാരാധനയായ അത്യാഗ്രഹത്തിനോ സമർപ്പിക്കരുത്; ഇവയാലല്ലോ ദൈവകോപം അനുസരണം കെട്ടവരിൽ വരുന്നതു. നിങ്ങളുടെ വിശുദ്ധീകരണത്തിനായി ദുർന്നടപ്പു വിട്ടൊഴിയുകയെന്നതു ദൈവേഷ്ടമാണ്. അനേക വേദ ഭാഗങ്ങളിൽ ഈ പാപവും മററനേകം പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു.

ദുർന്നടപ്പ് വചന വിരുദ്ധമാണ്. വിവാഹ മോചനത്തിനും പുനർ വിവാഹത്തിനും അതു വഴിതെളിക്കുമെന്നു യേശു പറയുകയുണ്ടായി. ''പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറെറാരുത്തിയെ വിവാഹം കഴിക്കുന്നുവെങ്കിൽ അവൻ വ്യഭിചാരം ചെയ്യുന്നു.. അവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. (മത്തായി. 19:9). അതിന്റെയർത്ഥം, വിവാഹശേഷം പരസംഗം നടന്നാൽ നിരപരാധിയായ കക്ഷിക്കു പുനർവിവാഹം നടത്താം. എന്നാൽ പരസംഗം ചെയ്ത വ്യക്തിക്കു പുനർ വിവാഹത്തിനു സ്വാതന്ത്ര്യമില്ല. ആ മനുഷ്യൻ വീണ്ടും വിവാഹം ചെയ്താൽ അവൻ വ്യഭിചാരം ചെയ്യുന്നു എന്നതാണ്.

വിവാഹിതരായ പുരുഷനോ സ്ത്രീയോ വചന പ്രകാരമുള്ള കാരണം കൂടാതെ വിവാഹ മോചനം നടത്തുകയും പുനർ വിവാഹം നടത്തുകയും ചെയ്താൽ അവിടെ വ്യഭിചാരം ചെയ്യപ്പെടുന്നു. ഈ സംഭവത്തിൽ രണ്ടു കൂട്ടരും വ്യഭിചാര ജീവിതമാണ് നയിക്കുന്നതു പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുകയാണ് വാസ്തവത്തിൽ, (മത്തായി. 5: 32). മോശയുടെ ന്യായ പ്രമാണത്തിലെ പത്തു കല്പനകളിൽ ഒന്നായിരുന്നു ''വ്യഭിചാരം ചെയ്യരുതു'' എന്നതു (പുറപ്പാടു്. 20:14). നിത്യ ജീവൻ അവകാശമാക്കേണ്ടതിനു എന്തു ചെയ്യേണമെന്ന ഒരു യുവാവിന്റെ ചോദ്യത്തിനു യേശു നല്കിയ ഉത്തരം ''കല്പനകൾ പാലിക്ക എന്നതായിരുന്നു. അവയിൽ ഏതെന്നു് അറിയുവാൻ ആഗ്രഹിച്ചപ്പോൾ യേശു അവനോടു'' വ്യഭിചാരം ചെയ്യരുതു് എന്നു വ്യക്തമാക്കുന്നു (മത്തായി. 19:18). വ്യഭിചാരം പഴയ നിയമത്തിലും യേശുക്രിസ്തുവിന്റെ കാലയളവിലും മാത്രമല്ല; പുതിയ നിയമ

ത്തിലും തുടർച്ചയായി വിലക്കപ്പെട്ടിരിക്കുന്നു. വിവാഹ ബന്ധത്തെക്കുറിച്ചു പൗലോസ് പറയുന്നു; ഒരു സ്ത്രീക്കു് ഭർത്താവുണ്ടെങ്കിൽ അവൻ ജീവിച്ചിരിക്കുന്നിടത്തോളം അവൾ ന്യായപ്രമാണ പ്രകാരം അവനോടു ബന്ധിക്കപ്പെട്ടിരിക്കുന്നു; ഭർത്താവു് മരിച്ചാൽ അവൾ ഭർത്തൃ ന്യായപ്രമാണത്തിൽ നിന്നും സ്വതന്ത്രയായി. ഭർത്താവു് ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷനു് ആയാൽ വ്യഭിചാരിണി എന്നു വിളിക്കപ്പെടും, എന്നാൽ ഭർത്താവു മരിച്ചാൽ അവൾ ആ പ്രമാണത്തിൽ നിന്നു സ്വതന്ത്രയാകുന്നു. അവൾ വേറെ പുരുഷനെ വിവാഹം ചെയ്താൽ ഒരിക്കലും വ്യഭിചാരിണി എന്നു വരുന്നില്ല (റോമ 7:2–3).

വ്യഭിചാരം നിഷിദ്ധമാണ്, ഈ ദുഷ്പ്രവൃത്തി ചെയ്യുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല. വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ എന്നാണ് എബ്രായ ലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നതു് (എബ്രാ. 13:4). ആകയാൽ വ്യഭിചാരം ചെയ്യപ്പെടുവാനുള്ള സാദ്ധ്യത വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ടു്: തിരുവചനത്തിൽ കാണുന്നതുപോലെ ഇത്തരം പാപങ്ങളിൽ തുടർന്നു ജീവിക്കുന്നവർ രക്ഷിക്കപ്പെടാത്തതുകൊണ്ടു് അവരിൽ നിത്യ ജീവന്റെ പ്രത്യാശയുമില്ല. എങ്ങനെ ഒരാൾക്കു് ഇതിൽ നിന്നു വിട്ടു നില്ക്കുവാൻ കഴിയും ? അതിൽ നിന്നും മാനസാന്തരപ്പെടണം. ദുർന്നടപ്പു് ആചരിക്കുന്ന വ്യക്തിയുമായുള്ള ജീവിതം ഉപേക്ഷിക്കണം. ആ ബന്ധം ഉപേക്ഷിക്കുമ്പോൾ അനേക പ്രശ്നങ്ങൾ നേരിടേണ്ടിവരും, ഈ ബന്ധം തുടരുവാൻ ആഗ്രഹിക്കുന്നവർ ന്യായീകരണത്തിനായി അനേക ഒഴിവു കഴിവുകൾ നിരത്താറുണ്ടു്. എന്നാൽ ഒരാൾക്കു വ്യഭിചാരത്തിൽ ജീവിച്ചുകൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കാമെന്നു കരുതരുതു്. ഉപേക്ഷിക്കണമെന്നാണ് മാനസാന്തരം ആവശ്യപ്പെടുന്നതു്.

വിവാഹത്തെ സംബന്ധിച്ചു നമ്മുടെ കർത്താവിന്റെ ഉപദേശം ആരംഭത്തിൽ തന്നെ സ്വീകരിക്കുകയാണെങ്കിൽ ഇത്തരം പ്രയാസങ്ങൾ നമ്മിൽ വരാതിരിക്കുവാൻ സഹായിക്കും. ഏതു കാരണത്താലും ഭാര്യയെ ഉപേക്ഷിക്കാമോ എന്ന ചോദ്യത്തിനു് പ്രതികരണമായി യേശു പറഞ്ഞതു്. ''ദൈവം അവരെ സൃഷ്ടിച്ചപ്പോൾ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ ; ആ കാരണത്താൽ പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു പിരിഞ്ഞ് ഭാര്യയോടു പററിച്ചേരും; അവർ ഇരുവരും ഒരു ദേഹമായിത്തീരും. ആകയാൽ അവർ ഇനി രണ്ടല്ല, ഏക ശരീരമത്രെ. അതുകൊണ്ടു് ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു് (മത്തായി 19:4–6). ഇതു് ഇന്നും ബാധകമാണ്. സ്ത്രീയും പുരുഷനും കർത്താവിന്റെ നിർ

ദ്ദേശം സ്വീകരിക്കുന്നിടത്തോളം ഒരു പ്രശ്നവുമില്ല. കർത്താവിന്റെ കല്പന വിട്ടുകളഞ്ഞ് തങ്ങളുടെ സ്വന്ത വഴിക്കു തിരിയുമ്പോഴാണം വിഷമ പ്രശ്നങ്ങൾ വരുത്തിവെക്കുക്കതു്: വ്യഭിചാരവും ദുർന്നടപ്പും പാപമാകയാൽ അതു പ്രവർത്തിക്കുന്നവർ മാനസ്സാന്തരപ്പെട്ടു പൂർണ്ണമായി വിട്ടുകളയുമ്പോൾ ദൈവം അവരെ അംഗീകരിക്കും. ആത്മീക ജീവിതത്തെ ബാധിക്കുന്ന പ്രവൃത്തികൾ തന്റെ മക്കളിൽ കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

* * * *

# 'ദിവ്യമായ ദൈവീക പദ്ധതി'

**ടോം ഡോക്കറി**

നമ്മുടെ ഈ ആധുനിക ലോകത്തിൽ പ്രശ്നങ്ങൾക്കു പലതരത്തിൽ ഉത്തരങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നവരാണ് അനേകർ. വളരെ നാളുകളായി മനുഷ്യനെ നശിപ്പിച്ചു കൊണ്ടിരിക്കുന്ന ഒരു രോഗത്തിന് ശാസ്ത്രം പ്രതിവിധി കണ്ടെത്തി എന്നറിയുമ്പോൾ നാം അഭിമാനിക്കുന്നു. അങ്ങനെ കാലങ്ങളിലായി മനുഷ്യൻ പലതരത്തിൽ മനുഷ്യജീവിതത്തിന്റെ വിഷമതകളെ പരാജയപെടുത്തി കൊണ്ടിരിക്കുന്നു.

ഇന്നുവരെ അറിയപ്പെട്ടിട്ടുള്ളതിൽ വെച്ച് ഏററവും ശ്രേഷ്ടമായ ഒരു അറിവാണ്....ദൈവം നശിച്ചുപോകുന്ന മനുഷ്യനെ രക്ഷിക്കുന്നു എന്നതു. വളരെ ക്കാലമായി ദൈവം ഒരുക്കി നിശ്ചയിച്ചു രൂപാന്തരപ്പെടുത്തിയതാണ് ഈ അനുഗ്രഹം....അഥവാ മനുഷ്യന് സന്തോഷവും സംതൃപ്തിയും നല്കുന്ന ജീവിത അനുഭവം ഇക്കാരണത്താൽ ദൈവത്തിന്റെ ഈ ദിവ്യമായ പദ്ധതി ലോകമെങ്ങും പ്രചരിപ്പിക്കേണ്ടതാവശ്യമാണ്. ഈ വിഷയത്തെക്കുറിച്ച് നമുക്കു ചുരുക്കമായി ചിന്തിക്കാം.

1. നിശ്ചയിക്കപ്പെട്ട പദ്ധതി.

രക്ഷയെക്കുറിച്ചുള്ള പദ്ധതി ദൈവം മുൻകൂട്ടി നിശ്ചയിച്ചു. അതൊരു ആവശ്യമായി തീർന്നു. കാരണം പാപം ലോകത്തിലേക്കു കടന്നു എന്നുള്ളതു തന്നെ....പാപം മനുഷ്യരെ സ്വാധീനിക്കുവാൻ ആരംഭിച്ചപ്പോൾ മനുഷ്യന് ആ ബന്ധത്തിൽ നിന്ന് ഒരു വിമോചനം ആവശ്യമായി വന്നു. 'പാപത്തിന്റെ ശമ്പളം മരണമത്രേ, റോമർ 6:23. എല്ലാ മനുഷ്യരുടേയും രോദനത്തിന്റെ ഒരു പ്രതിഫലനമാണ് യിരമ്മ്യാ പ്രവാചകന്റെ വാക്കുകളിൽ കാണന്നതു്.

"ഗിലെയാദിൽ സുഗന്ധതൈലം ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ? എന്റെ ജനത്തിൻ പുത്രിക്കു രോഗശമനം ഇല്ലാതെ ഇരിക്കുന്നതെന്ത്?" യിരെമ്യാവ് 8:22. പുതിയ നിയമത്തിൽ പാപത്തിന്റെ ബന്ധനത്തെ പരാമർശിച്ചു അപ്പോ:പൗലോസ് ഇപ്രകാരം എഴുതി...." ....അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും." റോമർ 7:24.

രക്ഷ മുൻകൂട്ടി വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നു—പാപം ലോകത്തിൽ കടന്ന സമയത്ത് രക്ഷയെക്കുറിച്ച് ദൈവം വാഗ്ദാനം നല്കി (ഉല്പത്തി 3:15). പാപമാകുന്ന സർപ്പത്തിന്റെ തല സ്ത്രീയുടെ സന്തതി തകർക്കുമെന്ന് ദൈവം അരുളിച്ചെയ്തു.... അനേകം വർഷങ്ങളായി പഴയ നിയമ കാലങ്ങളിൽ ജനങ്ങൾ ഈ പൂർത്തീകരണത്തിനായി കാത്തിരുന്നു. (റോമർ 16:25–26, എഫേസ്യർ 1:9–10, 3:3, ). പിതാക്കന്മാരോടും പ്രവാചകന്മാരോടും ദൈവം ഈ വാഗ്ദാനം ആവർത്തിക്കുകയുണ്ടായി. അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരോടെല്ലാം ദൈവം ഈ വാഗ്ദത്തെക്കുറിച്ച് ഉടമ്പടി നടത്തി. (ഉല്പത്തി 12:2–3, 26:4, 28:14).... പ്രവാചകന്മാർ ഈ വാഗ്ദാനത്തെക്കുറിച്ചു പ്രവചിക്കുക വരെ ചെയ്തു. (യെശയ്യാവ് 2:2–4).

അബ്രഹാമിന്റെ വിശ്വാസത്തിലൂടെ ദൈവം ഒരു കുടുംബത്തെ തിരഞ്ഞെടുത്തു...ദൈവം അവരെ നടത്തി.... അബ്രഹാമിന്റെ സന്തതിയെ ദൈവം വഴിനടത്തിയത് തികച്ചും അത്ഭുതകരമായ രീതിയിലായിരുന്നു. തുടർന്നു ഒരു ജനതയെ, തന്റെ പദ്ധതിയുടെ ഭാഗമായി ദൈവം തിരഞ്ഞെടുക്കുന്നു. ഈ ജനത്തിന് ഒരു ദേശവും ഒരു നിയമവും ദൈവം നല്കി... ഈ അനുഗ്രഹങ്ങളെല്ലാം അവകാശമാക്കി എങ്കിലും അവരിൽ അനേകർ ദൈവത്തെ ഭയമില്ലാതെ ജീവിച്ചു....ദൈവ വാഗ്ദാനത്തെക്കുറിച്ച് മറക്കുകയും ചെയ്തു.

2. നിഴലായി കാണപ്പെട്ട പദ്ധതി.

ദൈവം വേർതിരിച്ച രാജ്യത്തിൽ ഈ പദ്ധതി ഉൾക്കൊണ്ടിരുന്നു. ഈ രാജ്യം മററു ജാതികളിൽ നിന്നും, വിഗ്രഹാരാധികളിൽ നിന്നും വിഭിന്നമായിരിക്കണം എന്ന് ദൈവം ആഗ്രഹിച്ചു. ദൈവത്തോടുള്ള ആ ജനത്തിന്റെ സമർപ്പണത്തെ മാനിക്കുന്ന തരത്തിലുള്ള ഒരു ബന്ധവും (അന്യ ജനങ്ങളുമായി) ദൈവം ഇഷ്ടപ്പെട്ടിരുന്നില്ല (2 കൊരിന്ത്യർ 6:16–18). ഈ രാജ്യമായിരുന്നു.... ദൈവത്തിന്റെ കരുതലും, ശക്തിയും ലോകത്തിനു വെളിപ്പെടുത്തി കൊടുക്കുവാൻ ദൈവം തിരഞ്ഞെടുത്തിരുന്നത്.

ദൈവ നിയോഗത്താൽ നിർമ്മിക്കപ്പെട്ട ദേവാലയം ദൈവ പദ്ധതി യുടെ മററൊരു നിഴലായിരുന്നു....യാഗത്തിൻേറയും മഹാപുരോഹിതൻെറയും ആവശ്യം വരുവാനുള്ളതിൻെറ മുന്നോടിയായിരുന്നു.

ദൈവ കല്പനകളെ ധിക്കരിച്ചു കൊണ്ട് ആർക്കും ദൈവ സന്നിധിയിൽ പ്രവേശിക്കുവാൻ കഴിയുകയില്ല എന്നും ഈ ദേവാലയ നിയമങ്ങളിൽ കൂടി ജനങ്ങളെ ദൈവം ബോധവാന്മാരാക്കി. ഒരു തിരശ്ശീലയാൽ ജനങ്ങൾ ദൈവസന്നിധിയിൽ നിന്നും അകററപ്പെട്ടിരുന്നു.

കൂടാതെ ദൈവത്തിൻെറ വിശുദ്ധമായ പദ്ധതി അനേകം പ്രവാചകന്മാരിലൂടെ പ്രസ്താവിക്കപ്പെട്ടിരുന്നു. ഈ ദൈവീക പദ്ധതിയെ ഒരു രാജ്യമായി ദാനിയേൽ പ്രവാചകൻ ഉദ്ധരിച്ചു. ( ദാനിയേൽ 2 ) ഒരുആട്ടിൻ കൂട്ടവും, മനോഹരമായ ഒരു ആലയവമായി യെഹസ്കേൽ പ്രവാചകൻ രേഖപ്പെടുത്തി. ( യെഹസ്കേൽ 34:40—48 ).

3. പൂർത്തീകരിക്കപ്പെട്ട പദ്ധതി,

ഈ പദ്ധതിയുടെ സമയം അതിൻെറ പൂർണ്ണതയിലായിരുന്നു ( റോമർ 5:6, ഗലാത്യർ 4:4 ). റോമക്കാർ രാജ്യം ഭരിച്ചുകൊണ്ടിരുന്ന സമയം. ലോകത്തിലെ എല്ലാ രാജ്യങ്ങളും വ്യാപാരത്തിനും, സഞ്ചാരത്തിനുമായി തുറക്കപ്പെട്ടിരുന്ന കാലത്തു പൊതുവായി കൈമാററ പ്രക്രിയയ്ക്കു നാണയം നിലവിലുണ്ടായിരുന്ന സമയം. ( മത്തായി 22:19—21 ) റോമക്കാർക്ക് ആ കാലത്തിൽ പ്രത്യേകം പദവികളുണ്ടായിരുന്നു ( പ്രവൃത്തി 16:38, 22:25—29 ). അത് ഒരു തരത്തിൽ സമാധാനത്തിൻെറ കാലമായിരുന്നു. ഈ കാലത്തിൽ ആദിമസഭ യഹൂദന്മാരുടെ ഇടയിൽ രൂപം കൊണ്ടു. തുടർന്ന്....എല്ലായിടത്തും ചിതറിക്കപ്പെടുകയും ചെയ്തു ( പ്രവൃത്തികൾ 8:3—11 ). ഈ വിശ്വാസികൾ എവിടെയെല്ലാം എത്തിച്ചേർന്നുവോ അവിടെയൊക്കെയും സത്യദൈവത്തെക്കുറിച്ച് പ്രസിദ്ധമാക്കി. ആ സത്യം സ്വീകരിക്കുവാൻ അനേകർ ഒരുക്കമായിരുന്നു—കാരണം ജനങ്ങൾ ബലഹീനരായിരുന്നു. ( റോമർ 5:6 )....മാററു മത ആചാരങ്ങൾ വെറും വ്യർത്ഥങ്ങളായിരുന്നു.

ഈ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിൽ പ്രചരിക്കപ്പെടുകയും, യേശുവിൻെറ അപ്പോസ്തലന്മാർ മററുള്ളവരെ പഠിപ്പിക്കുകയും ചെയ്ത ഉപദേശങ്ങൾ പൂർണ്ണമായിരുന്നു; അവ അധികാരത്തോടു കൂടിയതായിരുന്നു. ( മത്തായി 7:29 )....ആവശ്യമായി

രുന്ന നിർദ്ദേശം ഈ ഉപദേശങ്ങൾ നല്കുകയും ചെയ്തു. ( 2
തിമോഥെയോസ് 3:16–17 ).

ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും യേശു അനുസരിക്കുകയും
നിവർത്തിക്കുകയും ചെയ്തിരുന്നു ( മത്തായി 5:17–18 ). ക്രിസ്തു
ഭൂമിയിലേയ്ക്കു വന്നത് ദൈവഹിതം പൂർത്തീകരിക്കുവാനായി
രുന്നു ( യോഹന്നാൻ 6:28 ). ക്രൂശിൽ കിടക്കുമ്പോൾ " നിവൃത്ത
യായി " എന്നു ക്രിസ്തു ഈ പദ്ധതിയെ പരാമർശിച്ചു പറയു
കയും ചെയ്യുകയുണ്ടായി. ( യോഹന്നാൻ 19:30 ). അങ്ങനെ മറഞ്ഞി
രുന്ന ഈ മർമ്മം വെളിപ്പെട്ടു. ( റോമർ 16:26, എഫേസ്യർ 3:9–19 )
അങ്ങനെ ദൈവ സാന്നിദ്ധ്യം ഇന്ന് എല്ലാ മനുഷ്യർക്കും ക്രിസ്തു
മുഖാന്തിരം സാദ്ധ്യമായി തീർന്നു.

4. വെളിപ്പെടുത്തിയ പദ്ധതി.

സഭ–യാണ് ഈ ദൈവീക പദ്ധതിയുടെ ഉള്ളടക്കം. ഈ പൂർ
ത്തീകരണത്തിനാണ് ലോകാരംഭം മുതൽ ദൈവം വ്യത്യസ്തങ്ങളായ
പശ്ചാത്തലങ്ങൾ ഒരുക്കിയത്.

ദൈവത്തിന്റെ ജ്ഞാനം സഭയിൽ വെളിപ്പെട്ടിരിക്കുന്നു. ( എഫേ
3:10 ). കൂടാതെ സഭയെ സത്യത്തിന്റെ തൂണും അടിസ്ഥാനവു
മായി പൗലോസ് പ്രസ്താവിക്കുന്നു. ( 1 തിമോഥെയോസ് 3:15 )
സഭയുടെ സ്ഥാപനം പ്രവചനങ്ങളുടെ പൂർത്തീകരണമാണ്.

a. ദാനിയേൽ പ്രവാചകൻ പ്രവചിച്ച കാലത്തു തന്നെ സഭ
സ്ഥാപിതമായി ( ദാനിയേൽ 2:44 ).

b. പ്രവാചകന്മാർ രേഖപ്പെടുത്തിയ സ്ഥലത്തു തന്നെ സഭ
സ്ഥാപിക്കപ്പെട്ടു. ( പ്രവൃത്തി 2:5, യെശയ്യാവ് :3 ).

c. പ്രവാചകന്മാർ പ്രവചിച്ച മാർഗ്ഗത്തിൽ തന്നെ ഈ ദൈവീക
പദ്ധതി നിവർത്തിയായി,– പരിശുദ്ധാത്മ അഭിഷേകത്തിലൂടെ
( പ്രവൃത്തി 2:41 ), പത്രോസിന്റേയും ശിഷ്യന്മാരുടേയും പ്രസം
ഗത്തിലൂടെ ( മത്തായി 16:18, പ്രവൃത്തി 2:14 ), മാനസാന്തരപ്പെട്ട
അനുസരണമുള്ള വിശ്വാസികളിലൂടെ....( പ്രവൃത്തി 2:41 ).

d. പ്രവാചകന്മാർ മുൻകൂട്ടി രേഖപ്പെടുത്തിയ പോലെ തന്നെ
വ്യത്യസ്തരായ ജനങ്ങളാണ് സഭയിൽ ഉൾക്കൊണ്ടിരുന്നത്. ( യെശ
യ്യാവ് 2:2 ). ' വിളിക്കപ്പെട്ടവരുടെ കൂട്ടം ' എന്നർത്ഥമുള്ള ' എക
ലെസ്യ ' എന്ന ഗ്രീക്കു വാക്കാണ് ' സഭ 'യായി തർജ്ജമ ചെയ്യ
തിരിക്കുന്നത്. ( കൊലൊസ്യർ 1;13 ). സഭ രക്ഷിക്കപ്പെട്ടവരുടെ
കൂട്ടമാണ്. ( പ്രവൃത്തി 2:37.
എന്തൊക്കെയായിരുന്നു ഈ സഭയുടെ സ്വഭാവങ്ങൾ എന്നു ശ്രദ്ധിക്കാം.

1. വിശ്വാസം, മാനസാന്തരം, സ്നാനം....( പ്രവൃത്തി 2:38, 3:19,8:12,8:37 ) ഇവ ഇതിലെ അംഗത്വത്തിനാവശ്യമായിരുന്നു.

2. സംഘടനയും ഭരണവും—അപ്പോസ്തലന്മാർ, മൂപ്പന്മാർ, ഉപദേശകന്മാർ എന്നിവരായിരുന്നു ( എഫേസ്യർ 2:20, യാക്കോബ് 5:13, 1. കൊരിന്ത്യർ 16:2, പ്രവൃത്തികൾ 20:7 ).

3. സുപ്രധാനമായ ഉപദേശം—കർത്താവായ യേശുവിന്റെ മരണം, അടക്കം, പുനരുത്ഥാനം. ഇവ ആയിരുന്നു. ( പ്രവൃത്തികൾ 2:22–36 ).

4. പ്രധാനമായ പ്രവർത്തനങ്ങൾ—വിശ്വാസികളെ ആത്മീയ വളർച്ചയിൽ സഹായിക്കുക, ബുദ്ധിമുട്ടുള്ളവരെ സഹായിക്കുക, സുവിശേഷം ജനങ്ങളോട് പ്രസംഗിക്കുക തുടങ്ങിയവയായിരുന്നു.

ദൈവത്തിന്റെ ഈ മഹത്തായ പദ്ധതി മാത്രമാണ് നശിച്ചുകൊണ്ടിരിക്കുന്ന മാനവരാശിയുടെ രക്ഷയ്ക്ക് ആവശ്യമായിട്ടുള്ളത്. പല മനുഷ്യരും സഭയെ യാതൊരു പ്രാധാന്യവുമില്ലാത്ത ഒരു വിഭാഗമായി കാണാറുണ്ട്. പക്ഷെ ഭൂമുഖത്ത് ജീവിക്കുന്ന ഏറ്റവും വിശേഷപ്പെട്ട ജനസമൂഹമാണ് സഭ എന്ന് ക്രിസ്തു വിശേഷിപ്പിക്കുന്നു. അനേകം വർഷങ്ങൾക്കു മുൻപു തന്നെ ഇതിനെക്കുറിച്ചു പ്രവചിക്കപ്പെട്ടിരുന്നു. ആയിരക്കണക്കിന് വർഷങ്ങളിലൂടെ ദൈവം ഈ പദ്ധതിക്കായി പ്രവർത്തിച്ചു. യോഹന്നാൻ സ്നാപകനെ വഴി ഒരുക്കുവാനായി അയച്ചു. ക്രിസ്തു ഇതു പണിയുമെന്ന് വാഗ്ദാനം ചെയ്തു ( മത്തായി 16:18 ) മൂന്നു വർഷത്തിലേറെ യേശു ഈ പദ്ധതിക്കായി കഠിനമായി പ്രവർത്തിച്ചു. കൂടാതെ ക്രിസ്തു സ്വന്തം രക്തം ഇതിനെ വാങ്ങുന്നതിനായി ചിലവാക്കി. ( പ്രവൃത്തി 20:28 ).

ഈ മനോഹരമായ, സ്വർഗ്ഗീയമായ സഭയിൽ അംഗമായി തീരുവാൻ നിങ്ങൾക്കാഗ്രഹമില്ലേ ? ' സത്യത്തിലും ആത്മാവിലും ' ദൈവത്തെ അനുഗമിക്കുമ്പോൾ മാത്രമാണ് ഒരു വ്യക്തിയ്ക്കു അവന്റെ ശിഷ്യനായി തീരുവാൻ കഴിയുന്നത്. യുഗാന്തരങ്ങളായി ദൈവം പ്രവർത്തിച്ചുകൊണ്ടിരുന്നത് നിങ്ങളുടെ ആത്മാവിന്റെ രക്ഷയ്ക്കു വേണ്ടിയായിരുന്നു.... ഈ അനുഗ്രഹം നിങ്ങൾ സ്വീകരിക്കുമോ ?

* * * * *

# സ്വീകാര്യമായ പ്രാർത്ഥന

നാം പ്രാർത്ഥിക്കുക മാത്രമല്ല, നമ്മുടെ പ്രാർത്ഥന ദൈവത്തിന് സ്വീകാര്യമായി തീരുക എന്നതും വളരെ ആവശ്യമാണ്. എല്ലാ പ്രാർത്ഥനകളും ദൈവം സ്വീകരിച്ചതായി തിരുവചനം നമ്മെ

പഠിപ്പിക്കുന്നില്ല. സദൃശവാകൃത്തിൻെറ ലേഖകൻ '' ദുഷ്ടൻമാരുടെ യാഗം യഹോവെക്കു വെറുപ്പു; നേരുള്ളവരുടെ പ്രാർത്ഥനയോ അവനു പ്രസാദം '' (15:8–) എന്നും '' ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചു കളഞ്ഞാൽ അവൻെറ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു '' (28:9). എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

കർത്താവായ യേശു പ്രാർത്ഥനാ ജീവിതം നയിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. എല്ലായ്പ്പോഴും ക്രിസ്തു പ്രാർത്ഥിക്കുക മാത്രമല്ല പ്രാർത്ഥനയെ പററി നമ്മെ പഠിപ്പിക്കുകയും ചെയ്തു. ക്രിസ്തുവിൻെറ വാക്കുകൾ ശ്രദ്ധിക്കുക '' നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെ പ്പോലെ ആകരുത്; അവർ മനുഷ്യർക്കു വിളങ്ങേണ്ടതിനു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിൻെറ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിൻെറ പിതാവു നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുതു; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു '' (മത്തായി 6:5–7) ഒരേ സ്ഥലത്തു പ്രാർത്ഥിക്കുവാൻ കടന്നു വന്ന രണ്ടു വ്യക്തികളിൽ ഒരുവൻെറ പ്രാർത്ഥന ദൈവം അംഗീകരിക്കുന്നതായും മററെ വ്യക്തിയുടെ പ്രാർത്ഥന ദൈവ സന്നിധിയിൽ കടന്നു ചെല്ലുന്നില്ല എന്നും യേശു ഒരു ഉപമയിൽ കൂടി വിവരിച്ചു.... ലൂക്കോസിൻെറ സുവിശേഷം 18–ാം അദ്ധ്യായം 10 മുതൽ 14 വരെയുള്ള വാകൃങ്ങളിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. '' രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ മററവൻ ചുങ്കക്കാരൻ. പരീശൻ നിന്നു കൊണ്ടു തന്നോടുതന്നേ; ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെ പ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടു വട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തു വരുന്നു. എന്നിങ്ങനെ പ്രാർത്ഥിച്ചു.

ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു; ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മററവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്ന

വൻ എല്ലാം ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ''

ഈ ഉദാഹരണങ്ങളിൽ നിന്നു് എല്ലാ പ്രാർത്ഥനയും ദൈവം സ്വീകരിക്കുന്നില്ല എന്നു മനസ്സിലാകുന്നു. ആയതിനാൽ ദൈവത്തിനു് സ്വീകാര്യമായ രീതിയിൽ എങ്ങനെ പ്രാർത്ഥിക്കാം ?

1. താഴ്മ—ചുങ്കക്കാരൻ ദൈവ സന്നിധിയിൽ സ്വയം താഴ്ത്തുന്നതായി നാം കണ്ടു. തകർന്നവനായാണ് അവൻ ദൈവസന്നിധിയിൽ കടന്നുവരുന്നത്.... കുററ ബോധത്തോടെ '' ദൈവമേ പാപിയായ എന്നോടു കരുണയുണ്ടാകേണമേ '' എന്നായിരുന്നു അവന്റെ വാക്കുകൾ സ്വയം നീതീകരിക്കുവാൻ ശ്രമിക്കുന്ന പരീശനോ—മററുള്ളവരെല്ലാം മോശപ്പെട്ടവരും താൻ നല്ലവനും എന്നു സ്വയം പുകഴ്ത്തുന്നു. ദൈവത്തിനു് ഈ രണ്ടു വ്യക്തികളുടെയും ജീവിതം പൂർണ്ണമായി കാണാം. ആരും മനുഷ്യരെ പററി ദൈവത്തിനു് അറിവു കൊടുക്കേണ്ട കാര്യമില്ല. നമ്മുടെ ജീവിതവും പൂർണ്ണമായി ദൈവം കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ വിചാരങ്ങളും പ്രവൃത്തികളും അവൻ അറിയുന്നു. യെശയ്യാ പ്രവാചകന്റെ വാക്കുകളിൽ—'' ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയിതീർന്നു. ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ ' (യെശയ്യാവു് 64:6). താഴ്മയോടും വിനയത്തോടും ദൈവത്തെ സമീപിക്കുന്നവരുടെ അപേക്ഷകൾ ദൈവം കേൾക്കുന്നു.

2. ബഹുമാനം—യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുമ്പോൾ ഇപ്രകാരം ആരംഭിച്ചു '' സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമേ '' (മത്തായി 6:9) ദൈവം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവും അവന്റെ നാമം വിശുദ്ധവുമാണ്. അശുദ്ധിയോടു കൂടി ആ നാമം ഉപയോഗിക്കുവാൻ പാടില്ല. പ്രാർത്ഥനയ്ക്കായി ദൈവസന്നിധിയിൽ നാം കടന്നു വരുമ്പോൾ തല കുനിക്കുമ്പോൾ ദൈവ ഭയവും, ബഹുമാനവും നമ്മിലുണ്ടാകണം. സങ്കീർത്തനം 111:10—ൽ '' അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു '' എന്നു കാണുന്നു.... ബഹുമാനം ശരീരത്തിന്റെയല്ല....ഹൃദയത്തിൽ നിന്നായിരിക്കണം.

3. ആത്മാർത്ഥത—ദൈവത്തിനോടു് പ്രാർത്ഥിക്കുന്നതിനു പകരം മനുഷ്യർക്കായി....അവർ കേൾക്കുന്നതിനായി പ്രാർത്ഥിക്കുക എന്ന പ്രലോഭനത്തിൽ പലരും അകപ്പെടാറുണ്ടു്....പ്രത്യേകിച്ചും പൊതു സ്ഥലങ്ങളിൽ വച്ചു് പ്രാർത്ഥിക്കുമ്പോഴാണു് ഈ പരാജയം സംഭവിക്കുന്നതു്. മററുള്ളവൻ കുറവുകൾ കണ്ടു പിടിക്കുമെന്ന ഭയത്താലോ, സ്വയം പുകഴ്ച്ച സമ്പാദിക്കണമെന്ന മോഹത്തോടെയോ,

മററുള്ളവരെ പ്രീതിപ്പെടുത്തുവാൻ പ്രാർത്ഥനയിലൂടെ പലരും ശ്രമിക്കാറുണ്ടു്. യേശു അവർക്കുള്ള പ്രതിഫലത്തെക്കുറിച്ചു് മുന്നറിയിച്ചിരുന്നു (മത്തായി 6:5). അവരെ പററി കർത്താവും പറഞ്ഞതു് ഇപ്രകാരമാണ്— '' ഈ ജനം അധരം കൊണ്ടു് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു് അകന്നിരിക്കുന്നു '' (മത്തായി 15:8).

ഹൃദയത്തിന്റെ ആത്മാർത്ഥതയോടെയാണോ നാം പ്രാർത്ഥനയിൽ ദൈവ സന്നിധിയിൽ കടന്നു വരുന്നതു് ? വാക്കുകളുടെ വിളയാട്ടത്തിലല്ല ഹൃദയ പരമാർത്ഥതയിലാണ് ദൈവം പ്രസാദിക്കുന്നതു്.

4. അനുസരണത്തിന്റെ ആത്മാവു്—കർത്താവു് പഠിപ്പിച്ച പ്രാർത്ഥനയിൽ '' നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ '' (മത്തായി 6:10) എന്നു കാണാം. ദൈവത്തിന്റെ ഇഷ്ടം നിവർത്തിക്കുന്നവരും അനുസരിക്കുന്നവരുമായിരിക്കണം ദൈവമക്കൾ. പ്രാർത്ഥനയിൽ ദൈവം നമുക്കായി എന്തെങ്കിലും ചെയ്തു തരണമെന്നു് നാം ആജ്ഞാപിക്കുകയല്ല വേണ്ടതു.... പിന്നെയോ അവന്റെ ഇഷ്ടം ചെയ്യുവാൻ നാം തയ്യാറുള്ളവരായി തീരുകയാണ് വേണ്ടതു്. പാപികളുടെ അപേക്ഷകൾ ദൈവം കേൾക്കുന്നില്ല എന്നു് വചനം പറയുന്നു (യോഹന്നാൻ 9:31). തിരുവചനത്തിൽകൂടി ദൈവം മനുഷ്യർക്കു് വെളിപ്പെടുത്തി തന്നിട്ടുള്ള ദൈവഹിതം നാം അനുസരിക്കുന്നില്ല എങ്കിൽ അവൻ നമ്മുടെ അപേക്ഷകളും ചെവിക്കൊള്ളുകയില്ല. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ജീവിതത്തിൽ നടപ്പാകണം എന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ ദൈവ ഇഷ്ടം നാം അനുസരിക്കുന്നവരുമാകണം. യോഹന്നാന്റെ ലേഖനത്തിൽ ഇങ്ങനെ കാണുന്നു—'' അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു '' (1യോഹന്നാൻ 5:14).

''പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല; നീ ഇച്ഛിക്കും പോലെ ആകട്ടെ....'' (മത്തായി 26:39). എന്നു് മരണത്തിന്റെ നിഴലിൽ കർത്താവായ യേശുക്രിസ്തു പിതാവിനോടു് പ്രാർത്ഥിച്ചു എങ്കിലും ദൈവഹിതം എന്തെന്ന് മനസ്സിലാക്കി അനുസരണത്തോടെ സ്വയം സമർപ്പിക്കുന്നു.

5. വിശ്വാസവും ധൈര്യവും—ദൈവം വിശ്വസ്തൻ എന്നും അവന്റെ ഇഷ്ട പ്രകാരം നാം എന്തു അപേക്ഷിച്ചാലും ലഭിക്കും എന്നും

നമുക്കു് പ്രാർത്ഥനയിൽ ധൈര്യം ഉണ്ടാകണം. യാക്കോബ് തന്റെ ലേഖനത്തിൽ '' എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം; സംശയിക്കുന്നവൻ കാററടിച്ചു അലയുന്ന കടൽ തിരയ്ക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽ നിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുതു് '' (യാക്കോബ് 1:6–7). എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

കർത്താവായ യേശുവിനു് പിതാവിൽ വലിയ ധൈര്യമുണ്ടായിരുന്നു. ലാസറിനെ ഉയർപ്പിക്കുന്ന വേളയിൽ യേശു ഉച്ചരിച്ച വാക്കുകൾ ശ്രദ്ധേയമാണ്— '' നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. '' (യോഹന്നാൻ 11:41).

അതുപോലെയുള്ള വിശ്വാസം പ്രാർത്ഥനയിൽ നാം നേടിയെടുക്കണം. നാം അപേക്ഷിക്കുന്നതിനു മുൻപുതന്നെ നമ്മുടെ ആവശ്യങ്ങളെ അറിയുന്നവനാണ് ദൈവം.

6. ക്ഷമയുടെ ആത്മാവു്—'' ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ '' എന്നും '' നിങ്ങൾ മനുഷ്യരോടു് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും.... '' എന്നും കർത്താവു് ശിഷ്യന്മാരെ പഠിപ്പിച്ചു. (മത്തായി 6:12, 14, 15). ദൈവം മനുഷ്യനെ സ്നേഹിച്ചതിനാലാണ് നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനായി സ്വന്തം പുത്രനെ നല്കിയതു്. നാം മററുള്ളവരോടു ക്ഷമിക്കുന്നില്ല എങ്കിൽ ' ദൈവമേ ഞങ്ങളോടു് ക്ഷമിക്കണമേ ' എന്നു് എങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയും ?. (മത്തായി 18:23–25 വരെ ദയവായി വായിക്കുക).

7. സ്വാർത്ഥതയില്ലായ്മ— നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതു് തെററല്ല. പക്ഷേ സ്വാർത്ഥമായ മോഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ അപേക്ഷിക്കുന്നത് തെററാണ്. യാക്കോബിന്റെ വാക്കുകൾ ശ്രദ്ധിക്കുക— '' നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ടു ഒന്നും ലഭിക്കുന്നില്ല '' (യാക്കോബ് 4:3), എന്താണ് നമ്മുടെ ആവശ്യം ....എന്താണ് അനാവശ്യം എന്ന് നാം നല്ല നിശ്ചയമുള്ളവരായിരിക്കണം. നമ്മുടെ ആവശ്യങ്ങൾ നല്കി തരാമെന്നു് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. (മത്തായി 6:33).

ഇങ്ങനെ ദൈവഹിത പ്രകാരം പ്രാർത്ഥിക്കുന്നതിനു് ദൈവം നിങ്ങളെ സഹായിക്കട്ടെ.

* * * *

YOUR ATTENTION PLEASE!

# Radio Sri Lanka Broadcasts

**ENGLISH** — *The Voice of Truth* — Speakers: Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth, Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 : 00 to 9 : 15 P. M.

Saturdays— 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Mondays—2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P.M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P M.

Friday—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Qulion—1, Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K Dis, 90095/ 86/ A8

## You are Cordially Invited To Attend

Worship Services and Bible Studies

Sunday - 10 a. m.

Tuesday- 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India